# ശാരദ

ല: 12.

പുസ്തകം ൪.

൯൮-മീനം

## വിഷയവിവരം.

മംഗളം— ശ്രീമതി എം. ഭാഗീരഥി അമ്മതമ്പുരാൻ തിരുമനസ്സുകൊണ്ട്.

ശ്രീപാൎവ്വതീസ്വയംവരഗീതം— ശ്രീമതി വി. ലക്ഷ്മിപ്പിള്ളത്തങ്കച്ചി.

ഗ്രന്ഥാധികക്കുറിപ്പുകൾ—

നാളത്തെ ഭാരതീയവനിതകൾ (തുടൎച്ച)—

ശ്രീമാൻ കുന്നത്തു ജനാൎദ്ദനമേനോൻ.

ഗീരാഞ്ജലി—ശ്രീമാൻ കെ. എസ്. നാരായണമേനോൻ.

മാതൃധൎമ്മം—ശ്രീമാൻ എസ്. കെ. വാര്യർ.

നിയതിഗതി (തുടൎച്ച)—ശ്രീമാൻ വിദ്വാൻ സി. ശങ്കുണ്ണിനായർ.

ശ്രീമതി താപീഭായി ഹാൎഡികർ—

ശ്രീമാൻ പി. കെ. രാഘവൻനായർ.

മാതൃകാഭർത്താവ്—ശ്രീമാൻ എം. എൻ. നാരായണപിള്ള.

മഹാറാണി ലക്ഷ്മീഭായി—ശ്രീമാൻ പാലിയത്തു ചെറിയകുഞ്ഞുണ്ണിഅച്ചൻ.

വരിസംഖ്യ ൨-ക.]

[ഒറ്റപ്രതിക്ക് ൪ ണ.

# ശാരദ.

## രക്ഷാധികാരിണി.

തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സിലെ പുത്രി

വടശ്ശേരി അമ്മവീട്ടിൽ,

### ശ്രീമതി

### ഭഗവതിപ്പിള്ളക്കൊച്ചമ്മ.

## സാഹായിക സംഘം.

ശ്രീമതി. മംഗളാഭായിത്തമ്പുരാട്ടി തിരുമനസ്സുകൊണ്ടു്.
" എം. ഭാഗീരഥിഅമ്മ തമ്പുരാൻ—"
" ജീ. പാറുക്കുട്ടിഅമ്മ ബീ. ഏ. എൽ. റ്റി. (മദ്രാസ്)
" കെ. എം. കുഞ്ഞുലക്ഷ്മിക്കെട്ടിലമ്മ. (തെക്കെമലയാളം)
" കുഞ്ഞിക്കാവുകുഞ്ഞമ്മ. (പാലിയം)
" കൊച്ചുട്ടി കുഞ്ഞമ്മ ( ടി )
" കെ. ചിന്നമ്മ (അസിസ്റ്റന്റ് ഇൻസ്പെക്ട്രസ്സ്)
" കെ. ലക്ഷ്മിഅമ്മ (അസിസ്റ്റന്റ് ഇൻസ്പെക്ട്രസ്സ്)
" കെ. ഭാഗീരഥിഅമ്മ അസിസ്റ്റന്റ് ഇൻസ്പെക്ട്രസ്സ്)
" ഇ. ചെല്ലമ്മ (അസിസ്റ്റന്റ് ഇൻസ്പെക്ട്രസ്സ്)
" കോഴിക്കോട്ടു കാർത്ത്യായനിഅമ്മ (എറണാകുളം)
" എൽ. ജാനകിക്കുട്ടിഅമ്മ (സിംഗപ്പൂര്)
മിസ്സസ്. പി. രാമൻതമ്പി.
" മള്ളൂർ ഗോവിന്ദപ്പിള്ള
" ഏ. ഗോപാലമേനോൻ.
" എൻ. കുമാരനാശാൻ
" റ്റി. ആർ. കെ. പിള്ള. (മലയാസ്റ്റേറ്റ്)
" എൻ. എം. പിള്ള. (മലയാസ്റ്റേറ്റ്.)

Mr. Aiyappan Pillai
Aanoor house.
20117

# ശാരദ.

പ്രസാധിക,
തെക്കേക്കുന്നത്തു കല്യാണിക്കുട്ടിഅമ്മ.

പുസ്തകം ൪. ] ൧൦൮൪—മീനം. [ ലക്കം ൧൨.

## മംഗളം.

കല്യാത്മികേ മത്സഖി ശാരദേ നീ
കല്യാണിയാകും ജനയിത്രിയോടും
കല്യാണമോടും സുചിരം വിളങ്ങാൻ
കാലാരിദേവൻ തുണചെയ്തിടട്ടേ.

എം. ഭാഗീരഥിഅമ്മതമ്പുരാൻ.

## ശ്രീപാർവതീസ്തവഗീതം.

വസന്തഭൈരവി—ആദിതാളം.

(“വസവസസ്മൃത” എന്നമട്ട്.)

ജയജയദേവി ഗിരിതനയേ ഗൌരി
പാർവ്വതി സോമമുഖീ
ദയയോടു നീ ഞങ്ങളെപ്പാലനംചെയ്യുക
ദാക്ഷായണി സതതം —ജയ—

ദുരിതങ്ങളഖിലവും ദൂരിതമാക്കിടേണം
ശരണം മററില്ലെന്നു ബോധിക്കേണം
ഹൃദയത്തിൽ മരുവീടുമിരുളെല്ലാമൊഴിക്കേണം
തുണയ്ക്കേണം ശുഭജാലം വളർത്തിടേണം.
പന്നഗാഭരണൻെറ പാതിമെയ് കവർന്നൊരു
സുന്ദരി ജഗദീശ്വരി. —ജയ—

വി. ലക്ഷ്മിപ്പിള്ളത്തങ്കച്ചി.

# പ്രസാധികക്കുറിപ്പുകൾ.

മഹാരാജാവു തിരുമനസ്സിലെ ഷഷ്ടിപൂർത്തിസ്മാരകമായി തിരുവനന്തപുരത്തു പൂജപ്പുര എന്ന സ്ഥലത്തു 'ഹിന്ദുമഹിളാമന്ദിര'മെന്ന പേരിൽ ഒരു ധർമ്മസ്ഥാപനം തുറന്നു നടത്തിവരുന്നതായി ശാരദയുടെ ൬-ാംലക്കത്തിൽ പ്രസ്താവിച്ചിരുന്നതു വായനക്കാർ മറന്നിരിക്കയില്ലെന്നു വിശ്വസിക്കുന്നു. ഹിന്ദുസ്ത്രീകളുടെ സുകൃതവിശേഷത്താലും അസിസ്റ്റൻറു ഇൻസ്പെക്ട്രസ്സ് ശ്രീമതി, കെ. ചിന്നമ്മ മുതലായവരുടെ അശ്രാന്തപരിശ്രമത്താലും ഈ സ്ഥാപനം നാൾക്കുനാൾ അഭിവൃദ്ധി പ്രാപിച്ചുവരികയാണു്. തങ്ങളുടെ ജാത്യാചാരങ്ങൾക്കു വിഘ്നംവരാതവണ്ണം അനാഥകളായ ഹിന്ദുസ്ത്രീകൾക്കു അഭയംപ്രാപിക്കാവുന്ന ഒരു സാധുരക്ഷാമന്ദിരം ദക്ഷിണഇൻഡ്യയിൽ ഇല്ലെന്ന വ്യസനകരമായ ന്യൂനതയെ ഇദംപ്രഥമമായി പരിഹരിച്ചിരിക്കുന്ന പ്രസ്തുത സ്ഥാപനത്തിൻെറ മാഹാത്മ്യത്തെയോ പ്രാധാന്യത്തെയോപററി എത്ര, പ്രശംസിച്ചാലും കൂടുതലായി എന്നു വരുന്നതല്ല. 'ഹിന്ദുമഹിളാമന്ദിര'ത്തിൻെറ സൽഭാഗ്യങ്ങളെക്കുറിച്ചു് കേട്ടറിവാൻ ഇടവന്ന, മലയാസ്റ്റേററിൽ താമസിക്കുന്ന, ഒരു യൂറോപ്യൻസ്ത്രീ തൻെറ അധീനതയിലിരിക്കുന്ന ഹിന്ദുവായ ഒരു കുട്ടിയെക്കൂടി പൂജപ്പുരയിലെ സാധുരക്ഷാമന്ദിരത്തിൽ താമസിപ്പിക്കുന്നതിനു സൌകര്യപ്പെടുമോ എന്നു എഴുതിച്ചോദിച്ചിട്ടുള്ള ഒരേസംഗതിതന്നെ ഇത്തരം ഒരു സ്ഥാപനത്തിൻെറ അത്യാവശ്യകത ഹൈന്ദവ മതപ്രണയികളായ എത്രയോ ജനങ്ങൾക്കു അനുഭവപ്പെട്ടുകഴിഞ്ഞിട്ടുണ്ടെന്നു വ്യക്തമാക്കുന്നുണ്ടു്. ഒരുദേ

ശത്തിലെ എല്ലാ അനാഥകളേയും പോററിവളൎത്തുക എന്നതു സാമാന്യത്തിലുള്ള ഏതൊരു മഹാസ്ഥാപനത്തിനും ദുഷ്കരമാണെന്നിരിക്കെ, ആവിർഭവിച്ചിട്ടു ആറുമാസംമാത്രം കഴിഞ്ഞിട്ടുള്ള 'ഹിന്ദുമഹിളാമന്ദിര'ത്തിൽ, ഇവിടത്തെ പട്ടണപരിഷ്കരണക്കമ്മിററിക്കാരുടെ ആവശ്യപ്രകാരം ചേൎക്കപ്പെട്ട മൂന്നു കുട്ടികളും, വയനാട്ടു (ഉത്തരകേരളത്തിലെ ഒരു പ്രദേശം) നിന്നു വന്നുചേൎന്ന ഒരു അമ്മയും പ്രായംചെന്ന മറെറാരു സ്ത്രീയും ഉൾപ്പെടെ വിവിധജാതിക്കാരായ ൩൦ പേരോളം അനാഥകൾ ഇപ്പോൾതന്നെ ഉപജീവനം കഴിക്കുന്നുവെന്ന വസ്തുത എത്രയോ പ്രശംസ്യമായിരിക്കുന്നു. ഈ വിഷയത്തെ സംബന്ധിച്ച് അടുത്തലക്കത്തിൽ ഒരു പ്രത്യേക ലേഖനം പ്രസിദ്ധീകരിക്കുന്നതാകയാൽ തത്സംബന്ധമായി ഇവിടെ വളരെ ഒന്നും പറയണമെന്നു വിചാരിക്കുന്നില്ല.

'മഹിളാമന്ദിര'ചരിത്രത്തിന്റെ പ്രധാനമായ ഒരു അദ്ധ്യായം ഈ (മീനം)മാസം ൫-ാംനു ആരംഭിച്ചിരിക്കുന്നുവെന്നുള്ളതാണു് ഇവിടെ പ്രസ്താവയോഗ്യമായിട്ടുള്ളതു്. വലിയൊരുതോതിലല്ലെങ്കിലും, സാധുസ്ത്രീകൾക്കായിട്ടു ഒരു കൈത്തൊഴിൽശാല അന്നേദിവസം തുറക്കപ്പെടുക ഉണ്ടായി. തത്സംബന്ധമായി കൂടിയ സ്ത്രീജനമഹായോഗത്തിൽ ആദ്ധ്യക്ഷ്യംവഹിക്കുകയും നെയ്ത്തുശാലയുടെ ഉൽഘാടനക്രിയ നടത്തുകയും ചെയ്തതു ശ്രീമതി മിസ്സസ് ശങ്കരൻതമ്പി അവർകളായിരുന്നു. അനാഥകളായ ബാലികകൾക്കെല്ലാം വസ്ത്രദാനംചെയ്യുകയും അവൎക്കു തന്റെ വകയായി പ്രതിമാസം അറുപറ നെല്ലും ൧൫-രൂപായും കൊടുത്തുകൊള്ളാമെന്നു വാഗ്ദാനം ചെയ്യുകയുമാണു് തൽക്കാലം ചെയ്തിട്ടുള്ളതെങ്കിലും പ്രസ്തുതമഹതി ഈ സ്ഥാപനത്തോടു വാത്സല്യം കാണിച്ചു തുടങ്ങീട്ടുള്ളതു് അതിനു അത്യുജ്ജ്വലമായ ഭാവി ഉണ്ടെന്നു സൂചിപ്പിക്കുന്നതിൽ ഞങ്ങൾ അത്യന്തം സന്തോഷിക്കുന്നു. തന്റെ സഹോദരികളുടെ നേൎക്കു അകൈതവമായി തോന്നിയ അനുകമ്പാതിരേകത്താൽ മനസ്സലിഞ്ഞു ഇടയ്ക്കു ഗദ്ഗദസ്വരമധുരമായി, പൊതുവേ അസാമാന്യമായ വാഗ്ധാടിയോടുകൂടി ഈ മാന്യമഹതി ചെയ്ത ഹൃദയംഗമമായ പ്രസംഗത്തിന്റെ ചുരുക്കം താഴേക്കാണുംപ്രകാരമായിരുന്നു.

“നമ്മിൽ ഓരോരുത്തരും ഇതിനുമുമ്പു് പലേ സമ്മേളനങ്ങളിലും പങ്കുകൊണ്ടിരിക്കാം. നമ്മിൽ പലൎക്കും അവയേപ്പററി സന്തോഷപുരസ്സരം അനുസ്മരിക്കാനും കഴിയുമായിരിക്കാം. എന്നാൽ നാം ഈ അവസരത്തിൽ അനുഭവിക്കുന്നിടത്തോളം സന്തോഷങ്ങ

നും ചാരിതാൎത്ഥ്യത്തിനും വകയുള്ളതായി ഏതൊരു സംഘമെങ്കിലും നാം ഇതിനു മുമ്പിൽ കൂടാൻ ഇടവന്നിട്ടുണ്ടോ എന്നു സംശയമാണു്. നമ്മുടെ പ്രാചീനമായ പരിഷ്കാരം, പ്രശസ്തങ്ങളായ മതാചാരാദികൾ എന്നിവയെ നിൎമ്മിച്ചു് ശാശ്വതമായ നിലയിൽ സ്ഥാപിച്ചിട്ടുള്ള നമ്മുടെ പൂൎവികന്മാരോടു നമുക്കുള്ള കടമ, നമ്മിൽ നിന്നു ജനിച്ചു് നാം പോഷിപ്പിച്ച അഭിവൃദ്ധിയിൽ കൊണ്ടുവരേണ്ടവരും നമ്മുടെയും നമ്മുടെ നാട്ടിന്റേയും സകല ആശകൾക്കും അടിസ്ഥാനമായിട്ടുള്ളവരുമായ ഇപ്പൊഴത്തെ ബാലികാസമാജത്തിനോടു നമുക്കുള്ള കടമ—ഈ രണ്ടു കടമകളേക്കാളും ആദരണീയങ്ങളായി നമുക്കെന്തു കടമയാണുള്ളതു്? ഇവയെ വേണ്ടപോലെ നിറവേററുകയാണു് നമ്മുടെ ഈ സ്ഥാപനത്തിന്റെ ഉദ്ദേശ്യം.

കാലാനുക്രമമായി പല പരിഷ്കാരങ്ങൾ ഉണ്ടാകാം. പല പുതിയ സ്ഥാപനങ്ങളും ജനിയ്ക്കാതെ തരമില്ല. എങ്കിലും ഇത്തരത്തിൽ ശ്ലാഘ്യങ്ങളായ ആശയങ്ങൾ മനസ്സിൽ ഉദിക്കാനും, അവയെ നടത്തിക്കൊണ്ടു പോകാനുള്ള ഐകമത്യവും പരിശ്രമവും ഈ അബലകളായ നമുക്കു ഉണ്ടാകാനും, ഇടയാകുന്നതു് നമുക്കു വലുതായ അഭിമാനത്തിനു കാരണമാണല്ലൊ. എന്നാലും വിദ്യാഭ്യാസം ദിക്കെങ്ങും പ്രചരിപ്പിച്ച നമ്മുടെ അജ്ഞാനം, അലസത, എന്നിവയെ അകററി ഈ മാതിരി പ്രയത്നങ്ങളിൽ നമുക്കു ഉത്സാഹം ജനിപ്പിക്കുന്നതിനു പ്രധാനനിദാനങ്ങളായി ബ്രിട്ടീഷ്കാരുടെ പ്രശസ്തമായ ആധിരാജ്യവും നമ്മുടെ ശ്രീമൂലം തിരുനാൾ പൊന്നുതിരുമേനിയുടെ കാരുണ്യാതിരേകവും ഈ അവസരത്തിൽ പ്രത്യേകം സ്മരണീയങ്ങളാണു്. സകലവിജയങ്ങളോടുംകൂടി നമ്മുടെ ചക്രവൎത്തിതിരുമനസ്സുകൊണ്ടു വളരെക്കാലം വാഴട്ടേ. നമ്മുടെ പൊന്നുതിരുമേനിയും ദീൎഘായുരാരോഗ്യാദികളോടുകൂടി വിജയിക്കുമാറാകട്ടേ.

ഈ അതിപ്രശസ്തമായ ആരംഭത്തിൽ എന്നെ അഗ്ര്യസ്ഥാനം വഹിക്കാൻ നിയമിച്ച നിങ്ങളുടെ സ്നേഹം എന്റെ മനസ്സിനെ മുഴുവൻ കവൎന്നു വിവശമാക്കീട്ടില്ലായിരുന്നുവെങ്കിൽ നിങ്ങളോടു നന്ദിപറയുക എന്നുള്ള ജോലി ഞാൻ കുറച്ചുകൂടി ഭംഗിയായി നിറവേററുമായിരുന്നു.

നാഥന്മാരില്ലായ്കയാൽ ദാരിദ്ര്യത്തിൽ പെട്ടു ധൎമ്മത്തിൽ നിന്നും മതാചാരാദികളിൽ നിന്നും സ്ഖലിച്ചു നമ്മുടെ ഈ ധൎമ്മരാജ്യത്തിൽ ഒരു ബാലികപോലും അലഞ്ഞു നടപ്പാൻ ഇടവരാതിരി

ക്കട്ടെ; നമുക്ക് ഈ ജീവിതചര്യയിൽ ഉത്തമനിദൎശനങ്ങളായ സീത ഭാമ മുതലായവർ അതിലേക്കു നമ്മെ അനുഗ്രഹിക്കട്ടെ; ഈ ഒരു സ്ഥിതി നമ്മുടെ നാട്ടിനു സമ്പാദിക്കാൻ സൎവ്വശക്തനായ ജഗദീശ്വരൻ നമുക്കു ശക്തിതരട്ടെ; എന്നുള്ള പ്രാൎത്ഥനയോടുകൂടി നിങ്ങളുടെ അനുവാദപ്രകാരം ഈ സാങ്കേതികവിദ്യാശാലയെ ഞാൻ ഉൽഘാടനം ചെയ്തുകൊള്ളുന്നു."

അദ്ധ്യക്ഷയായ മനസ്വിനി പ്രസ്താവിച്ചതുപോലെ "ഇന്നു തിരുവിതാംകൂറിലെ സ്ത്രീജനങ്ങളിൽ കാണുന്ന സൎവ്വതോമുഖമായ അഭിവൃദ്ധി അന്നദാതാവായ നമ്മുടെ പൊന്നുതമ്പുരാൻ തിരുമനസ്സിലെ കാരുണ്യാതിരേകം ഒന്നുകൊണ്ടുമാത്രം സിദ്ധിച്ചിട്ടുള്ളതാണെന്നതിൽ അശേഷംതന്നെ സംശയമില്ല." കാരുണ്യവാരിധിയായ തിരുമനസ്സുകൊണ്ടു് ഇനിയും ചിരകാലം നമ്മുടെ അഭ്യുദയാഭിലാഷങ്ങളെ പ്രോത്സാഹിപ്പിച്ചു നമുക്കു വേണ്ട നന്മകളെ പ്രദാനംചെയ്യുമാറു ശ്രീപത്മനാഭൻ കടാക്ഷിക്കുമാറാകട്ടെ.

* * * *

അഭിപ്രായത്തിനായി അയച്ചുതന്ന ഭഗവൽഭജനോത്സവപദ്ധതി, ശിവരാത്ര്യുത്സവം (തുള്ളൽ) എന്നീ പുസ്തകങ്ങൾ കൈപ്പററിയിരിക്കുന്നു. അഭിപ്രായം വഴിയേ.

## നാളത്തെ ഭാരതീയവനിതകൾ.

(തുടൎച്ച)

മിസ്സ് കൃഷ്ണാബായി തുലാസ്കർ തുടൎന്നു പറയുന്നു:—

ഫലവത്തായ ജീവിതത്തിന് പൎയ്യാപ്തമായ വിധം നമ്മുടെ സ്ത്രീകളിൽ കാണുന്ന അന്യാദൃശമായ ജീവിതാവസ്ഥയെ സൂക്ഷ്മമായി ഗ്രഹിച്ചുകൊണ്ടു്, അവരുടെ ആ പ്രത്യേക സ്വഭാവത്തെ വിദ്യാഭ്യാസം കൊണ്ടു് ശരിയായി സംസ്കരിക്കണം. നമ്മുടെ സ്ത്രീജ

നത്തിനു കിട്ടുന്ന നവീനവിദ്ദ്യാഭ്യാസം അവരുടെ ഭാവവിശേഷത്തിനു് അനുരൂപമായും, സ്വശക്തിക്കനുസരിച്ചു് ചിത്തവൃത്തിയെ രൂപീകരിക്കുന്നതിനു് ഉതകുന്നതായുമിരിക്കണം. അവളിൽ ഇപ്പോൾ സങ്കുചിതമായിരിക്കുന്ന പ്രകൃതിഗുണം, പ്രയോജനകരമായ പരിണാമത്തിലേയ്ക്കു് യോഗ്യമാകാവുന്നതാകയാൽ, അതിനെ വികസിപ്പിക്കുന്നതിനു് അവളുടെ വിജ്ഞാനപരിശീലനം സഹായമായി വരണം. ആ പരിശീലനം, ജീവിതത്തിലും സമുദായനിർമ്മാണത്തിലും അവൾക്കുള്ള ശരിയായ സ്ഥാനം കണ്ടുപിടിക്കുന്നതിനും, അവളെ സ്വയം യോഗ്യയും സംസ്കൃതമതിയുമായ മനുഷ്യജീവിയും സമുദായത്തിൽ ഫലകാരിണിയായ സൽകർമ്മിണിയുമാക്കുന്നതിനും ഉപകാരപ്പെടണം. നാളത്തെ ഭാരതഭൂമി സ്വകീർത്തിക്കനുരൂപമായ സ്ത്രീസന്താനങ്ങളെ ജനിപ്പിക്കണമെങ്കിൽ, ഇന്നത്തെ സ്ത്രീജനവിദ്ദ്യാഭ്യാസക്രമത്തെ അടിയോടെ മാററുകതന്നെ വേണം. വിദ്ദ്യാഭ്യാസമെന്ന പേരിൽ പുരുഷന്മാരെ എന്നപോലെ, സ്ത്രീജനത്തെ ഒരു വക മാനസികസമ്മർദ്ദനമാർഗ്ഗത്തിൽക്കൂടി നടത്തുകയും അവരുടെ ഹൃദയത്തെ പരനിർമ്മിതാശയങ്ങൾകൊണ്ടു് നിറയ്ക്കുകയും ചെയ്തിട്ടു് ഗുണമൊന്നുമില്ല. ഇന്നത്തെ നിഷ്ഫലമായ വിദ്ദ്യാഭ്യാസക്രമത്തിൽ അന്ധവിശ്വാസം വെച്ചുകൊണ്ടു് അവർ പ്രവർത്തിക്കുന്നിടത്തോളം കാലം അവർക്കു പ്രത്യേകമായുള്ള സ്ഥാപനങ്ങളാകട്ടെ, സഹപാഠനത്തിനുതകുന്ന മററു വിദ്ദ്യാലയങ്ങളാവട്ടെ നാം ആശിക്കുന്നതുപോലെ അവരുടെ അഭിവൃദ്ധിക്കു് ഒട്ടുംതന്നെ സഹായമാകയില്ല. ഉൽകൃഷ്ടവും സുഭഗവുമായ ജീവിതപ്രമാണങ്ങളെ അവലംബിച്ചുകൊണ്ടു് രാജ്യത്തേയും സമുദായത്തേയും കുടുംബത്തേയും രൂപീകരിക്കുവാൻ കഴിവുള്ള സ്ത്രീജനമാണു് നമുക്കാവശ്യം. മനുഷ്യർക്കു് വിസ്തൃതവും സാത്വികവുമായുള്ള പരസ്പരബന്ധമെന്തെന്നു് അവർ ഗ്രഹിച്ചു് സർവ്വരേയും അനുകമ്പയോടെ സഹായിക്കുവാൻ സന്നദ്ധരാവണം. കർമ്മഗുണത്തെ ദുഷിപ്പിക്കയും, മനസ്സിനെ അന്ധമാക്കയും ചെയ്യുന്ന ആചാരനിബന്ധനകളിൽ നിന്നെല്ലാം അവർ മുക്തരാകയും വേണം. മതമെന്നു പേർ പറഞ്ഞു് ആചരിച്ചുവരുന്ന നീചവും ദുഷ്ടവുമായ കൃത്യങ്ങൾ ഏതേതെന്നു് അവർ അറികയും, വ്യവസ്ഥിതവും ബുദ്ധിപൂർവ്വകവുമായ മാർഗ്ഗത്തിൽ തങ്ങളുടെ ദയാലുത്വത്തേയും ഔദാര്യത്തേയും ശരിക്കു നിർവ്വഹിക്കയും ചെയ്യണം.

ഇന്ത്യയിൽ നാം കാണുന്ന ഏററവും ദുഃഖകരമായ വസ്തുത, പുരുഷന്മാർക്കു് സ്ത്രീകളെ സംബന്ധിച്ചു് പുച്ഛവും അവമതിയും കലർന്നുള്ള ഭാവനയാകുന്നു. വിദ്ദ്യാസമ്പന്നരെന്നു പറയുന്ന ആ വർഗ്ഗം ക്രൂ

ടിയും ഈ അപരാധത്തിന്ന് അധീനർ തന്നെ. പൊതുസ്ഥലങ്ങളിലും വീഥികളിലുമെല്ലാം ഉയൎന്ന വർഗ്ഗത്തിലും താണവൎഗ്ഗത്തിലും പെട്ട എല്ലാത്തരം സ്ത്രീജനത്തോടും പുരുഷന്മാർ പെരുമാറിവരുന്ന സമ്പ്രദായം നാം സവിഷാദം കണ്ടുവരുന്നതാണ്. സ്വാൎത്ഥപരത കൊണ്ടും സ്വാത്മതൃപ്തികൊണ്ടും പുരുഷന്മാർ സ്ത്രീകളെ മാനുഷികമൃഗങ്ങളെപ്പോലെയാണ് ഗണിച്ചുവരുന്നത്. പ്രതിവൎഗ്ഗത്തിൽ നിന്ന് ഹിതകരമായ പെരുമാററമുണ്ടാകുന്നതിനും, ജീവിതത്തിൽ തങ്ങൾക്കുള്ള അവകാശത്തെ സംരക്ഷിക്കുന്നതിനുമായി ദൃഢതരം നിന്നു പൊരുതുവാൻ തക്കവണ്ണം സ്ത്രീജനങ്ങൾ സാമൎത്ഥ്യപൂൎവം വിദ്യാസമ്പത്തു നേടുന്ന കാലത്തു മാത്രമേ ഈ ദോഷങ്ങൾ പരിഹരിക്കപ്പെടുകയുള്ളൂ. അങ്ങിനെയൊരു കാലം വരുമ്പോൾ അവർ സ്വന്തംകുഞ്ഞുങ്ങളേയുംസഹോദരന്മാരെയും സ്ത്രീകളെ ബഹുമാനിക്കുന്നതിനും സമഭാവത്തിൽ കരുതുന്നതിനും പരിശീലിപ്പിച്ചു കൊള്ളും. ഇതിന്ന് തെളിവ് അമേരിക്കയിൽ സാധാരണമായി സൎവ്വത്ര കാണാം. ഒരു വണ്ടിയിൽ യാത്രക്കാർ നിറഞ്ഞു് തിക്കിത്തിരക്കിയിരിക്കുമ്പോൾ അതിൽ കയറുവാൻ ഒരു സ്ത്രീ വന്നുചേരുന്നതായാൽ അവളുടെ മതമോ രാജ്യമോ ജാതിയോ ഏതായിരുന്നാലും അവൾക്കായി സ്ഥലമൊഴിച്ചു കൊടുക്കുവാൻ സ്വന്തം സ്ഥലം വിട്ടുമാറി പോകുന്നതിന്ന് ഏതൊരു പുരുഷനും ഒട്ടും മടിക്കയില്ല. വീഥിയിൽ അവളോട് പോലീസുകാർ പെരുമാറുന്നതും ഏററവും മൎയ്യാദയോടുകൂടിയാണ്.

സ്ത്രീകളെ സംബന്ധിച്ച് പുരുഷന്മാർ ബലാൽ കരസ്ഥമാക്കിയിരിക്കുന്ന ആധിപത്യത്തിന്ന് മറെറാരു ഹേതു, സ്ത്രീകൾ അൎത്ഥവ്യവഹാരകാൎയ്യത്തിൽ പുരുഷന്മാരെ ആശ്രയിക്കേണ്ടിവന്നിരിക്കുന്നതാകുന്നു. അൎത്ഥവ്യാപാരസ്വാതന്ത്ര്യം പുരുഷന്മാരേപ്പോലെ സ്ത്രീകൾക്കും സിദ്ധിക്കുന്നതായാൽ, പുരുഷന്ന് സ്ത്രീയേക്കുറിച്ചുള്ള ഭാവം, പാശ്ചാത്യരാജ്യങ്ങളിലേതുപോലെ, മറെറാരു വിധത്തിൽ മാറാതിരിക്കയില്ല. അൎത്ഥസംബന്ധമായസ്വാതന്ത്ര്യവും വൈജ്ഞാനികമായ അഭ്യാസവും കൊണ്ടാണ് അവർ സമുദായത്തിൽ ശ്രദ്ധേയമായ സ്ഥാനത്തെ പ്രാപിക്കേണ്ടതു്. എന്നാൽ ഈ വാസ്തവത്തിനെല്ലാം വിരോധമായി, നമ്മുടെ സ്ത്രീകൾ അവൎക്കുള്ള പരാധീനതയിൽ തൃപ്തികൊള്ളുകയും, ദാരുണവും ദുർഭഗവുമായ ജീവിതത്തെത്തന്നെ മുറുകെപ്പിടിക്കയും ചെയ്തുവരുന്നു. അംഗങ്ങളിൽ അൎദ്ധാംശത്തെ ജീവിതാവകാശങ്ങളേയും, ജീവിതത്തിൽ ലഘുതരമായുള്ള സൗകൎയ്യങ്ങളേക്കൂടിയും പരിത്യജിക്കുവാൻ വിടുന്ന സമുദായം

സാന്മാർഗ്ഗികമായി തീരെ അലങ്കോലപ്പെട്ടുപോകയേ ചെയ്കയുള്ളു. ഈ ദോഷത്തിനുള്ള പ്രതിവിധി സ്ത്രീജനത്തിന് ശരിയായ വിദ്യാഭ്യാസം നൽകുക മാത്രമാണ്.

അമേരിക്കയിൽ വ്യവസായതല്പരകളായ സ്ത്രീകളെ സംബന്ധിക്കരുതാത്തതോ, അവരുടെ സഹായസഹകരണങ്ങൾക്കായി അർത്ഥിക്കേണ്ടാത്തതോ ആയ സിദ്ധിമാർഗ്ഗമോ കർമ്മവിഭാഗമോ യാതൊന്നുമില്ല. സമുദായപുനഃസ്ഥാപനത്തിനുള്ള ഏതൊരു ജോലിയിലും സ്ത്രീകൾ ഉൾപ്പെടുമ്പോൾ, ആ ശ്രമം വിജയപ്രദമാകുവാൻ നിർബ്ബന്ധിതമാകതന്നെ ചെയ്യുന്നു. സ്ത്രീജനത്തിന്റെ സമാകർഷകമായ ഭാവംകൊണ്ടും, ഹാർദ്ദമായ ഉദ്യമംകൊണ്ടും ഏതൊരു സമുദായാന്ദോളനവും മനുഷ്യവർഗ്ഗക്ഷേമത്തിനു തക്കവണ്ണം ജീവത്തായ ശക്തിയായി പരിണമിക്കുന്നുണ്ട്. ഒരു സ്ത്രീയുടെ സ്വാധീനത ഏററവും ഹൃദയംഗമമായുള്ളതാണ്. അവളുടെ സഹായംകൊണ്ട് പുരുഷന്ന് ഗുണകരമായ സമുദായസ്ഥിതിയെ പ്രാപിക്കുന്നതിനും, ജനതയെ അഭിവൃദ്ധിപദത്തിലേക്ക് നയിക്കുന്നതിനും അധികമായി സാദ്ധ്യപ്പെടുന്നതാണ്. പുരുഷന്മാർ അവർക്ക് സ്ത്രീകളെ സംബന്ധിച്ച് ഇപ്പോഴുള്ള ഭാവത്തെ തീരെ മാറേറണ്ടതു്, സ്ത്രീകളെ ദയാപൂർവ്വം സംരക്ഷിക്കേണ്ടതാണെന്ന ദാക്ഷിണ്യത്തോടുകൂടിയല്ലാ, ജീവിതത്തിൽ അവരെ ഭാഗഭാക്കുകളായി അംഗീകരിക്കേണ്ടതാണെന്ന ബോധത്തോടുകൂടിയായിരിക്കണം. സ്ത്രീജനജീവിതത്തെ അധികം പ്രയോജനകരമാക്കുന്നതിന് പുരുഷന്മാർ അവരെ സഹായിക്കേണ്ടതു് സ്വപ്രതാപത്തെക്കുറിച്ച് അഹങ്കരിക്കുവാനല്ലാ, ദുഃഖപീഡിതവും പരിത്യക്തവുമായ മനുഷ്യവർഗ്ഗത്തെ സുഖാവസ്ഥയിലേക്കു ഉദ്ധരിച്ച് മനുഷ്യോചിതമായ അനുകമ്പയെ പ്രകടിപ്പിക്കുവാനാകുന്നു. ഒട്ടും പ്രതിബന്ധം കൂടാതെ സമഭാവത്തിൽത്തന്നെ സ്ത്രീകൾക്കും പുരുഷന്മാർക്കും യോജിച്ചു പ്രവർത്തിക്കാവുന്ന പല സമുദായസ്ഥാപനങ്ങളുമുള്ളതു് പുരുഷന്മാരുടെ ഭാവത്തെ ശരിക്കു തിരുത്തുന്നതിന് സഹായമാകുന്നതാണ്; അവിടെ ഇരുവർഗ്ഗക്കാർക്കും അവരവരുടെ മനോഗതത്തെ വെളിവായി കൈമാറുന്നതിനും, പരിഷ്കൃതലോകത്താൽ വിസ്മൃതരായി ഭാഗ്യഹീനരായി കിടക്കുന്ന ജനവിഭാഗത്തെ അഭിവൃദ്ധിപ്പെടുത്തുവാൻ ഇരുവർക്കും ഏങ്ങിനെ കഴിയുമെന്നു കാണുന്നതിനും സാധിക്കയും ചെയ്യും.

സമുദായകാര്യത്തിൽ മാത്രമല്ലാ, വിദ്യാഭ്യാസസംബന്ധമായും ഭരണസംബന്ധമായുമുള്ള പുനഃസ്ഥാപനകർമ്മത്തിൽ കൂടിയും

സ്ത്രീജനം അവരുടെ ധൎമ്മം അറിവും കഴിവും തികഞ്ഞു് നിൎവ്വഹിക്കേണ്ടതായുണ്ടു്. അവർ സ്വയമേവ പരിദീപ്തബുദ്ധികളായി, വിപുലാശയരായിത്തീൎന്നാൽ, ഭാവിജനപരമ്പരയുടെ ക്ഷേമത്തിനായി പ്രയത്നിച്ചു് ഫലം നേടുന്നതിനു് അവരായിരിക്കും ഏററവും സാമൎത്ഥ്യമുള്ളവർ. ക്ഷമാപൂൎണ്ണവും ദയാമിളിതവും സ്നേഹാൎദ്രവുമായ സ്വഭാവംകൊണ്ടു്, മൃദുലമോഹനമായ ശിശുഹൃദയത്തെ കൈയാളുന്നതിനു് പുരുഷന്മാരെക്കാൾ സ്ത്രീകളാണു് യോഗ്യരായ അധ്യാപകർ. ഇതുകൊണ്ടുതന്നെയായിരിക്കാം, അമേരിക്കയിലെ ഉപാധ്യായവൎഗ്ഗത്തിൽ പകുതിയിലധികംപേർ സ്ത്രീകളായിരിക്കുന്നതു്. അവിടെ കാളേജുകൾ സൎവ്വകലാശാലകൾ എന്നിവയിൽക്കൂടിയും ഉപാധ്യായിനികളെ വളരെയധികം കാണാം.

അധ്യാപകവൃത്തി സ്ത്രീകളെ ഉദ്യോഗശാലിനികളാക്കുന്നതിനു പുറമേ, അൎത്ഥസംബന്ധമായ പരാധീനതയിൽ നിന്നു് അവരെ മോചിപ്പിക്കയും ചെയ്യും. സമ്പാദനസ്വാതന്ത്ര്യം, അഭ്യുന്നതാവസ്ഥ, സഹകരണസാമൎത്ഥ്യം എന്നിവ സ്ത്രീകൾക്കുണ്ടായാൽ സ്ത്രീപുരുഷന്മാൎക്കിടയിൽ ഹിതകരമായ പരസ്പരബോധം ജനിക്കുന്നതിനും മനുഷ്യലോകത്തിനുവേണ്ടി അന്യോന്യം സഹായിക്കുന്നതിനും ഇടയാകും. ശരിയായ സംബന്ധത്തോടും സഹകരണത്തോടും കൂടി സ്ത്രീപുരുഷന്മാർ ചേൎന്നു് പ്രവൎത്തിക്കുന്നതായാലേ, ത്വരിതതരമായ അഭിവൃദ്ധിയിൽ അധികം ആശ വെക്കുവാൻ തരമുള്ളു. ഈ യോജിപ്പുണ്ടായാൽ, ജീവിതത്തെ സംബന്ധിച്ചു് ഏതൊരു വിഷയത്തിന്റെയും എല്ലാഭാഗത്തും ശ്രദ്ധ ചെലുത്തുവാൻ കഴിയുന്നില്ലാത്ത പുരുഷന്മാരുടെ വശം നാട്ടുകാൎയ്യങ്ങൾ മുഴുവനുമായി ഏല്പിക്കേണ്ടിവരികയില്ല; സമുദായമലിനതകൾ അധികവും നീങ്ങിപ്പോകയും, ജീവിതം പൂൎവ്വാധികം സുഭഗവും മാന്യവുമാകയും ചെയ്യും; സ്ത്രീപുരുഷന്മാൎക്കുള്ള ശക്തിയും സ്വത്തും ദൃഢീകൃതവും ഫലവത്തുമായിത്തീൎന്നു് സമുദായത്തിലെ നിൎദ്ധനന്മാർ അനുഗ്രഹീതരായി വരും; രാജ്യകാൎയ്യസിദ്ധികളിൽ ഹൃദയംഗമതയും ജീവൽശ്രദ്ധയും അധികമായുണ്ടായി സ്ത്രീജനം ദേശീയനവീകരണത്തിൽ അവരുടെ ഭാരം യഥോചിതം നിൎവ്വഹിക്കും. അനിബന്ധിതവും, വിപുലവുമായ വിദ്യാഭ്യാസം സ്ത്രീകൾക്കു് സിദ്ധിച്ചു് അവരുടെ ഹൃദയം ശരിയായി സംസ്കൃതമാകുമ്പോൾ മേൽ പറഞ്ഞ പ്രകാരമെല്ലാം അവരുടെ സ്ഥാനത്തു് അവർ സമ്മാന്യമായി ശോഭിക്കാതിരിക്കയില്ല. അവൎക്കുള്ള ആവേശവും അഭിനിവേശവും വിജയം അനായാസേന സിദ്ധിക്കുന്നതിനു് ഹേതുവാകും. പുരുഷന്മാർ

സ്ത്രീജനസഹകരണത്തെ സമ്പാദിക്കുന്നതിൽ ഒരിക്കലും അനിഷ്ടപ്പെട്ടുകൂടാ; നേരെമറിച്ച് അവർ അതിനെ ആദരിക്കയും അഭിനന്ദിക്കയും വേണം.

ഈ വകയെല്ലാമോർക്കുമ്പോൾ, സ്ത്രീകൾക്ക് ശരിയായ വിദ്യാഭ്യാസവും മനസ്സംസ്കാരവും നൽകുന്നതിനു കേവലം നവീനമായ ഒരു സമ്പ്രദായത്തെത്തന്നെ നാം നടപ്പിലാക്കേണ്ടിയിരിക്കുന്നു. ആ സമ്പ്രദായം, ജീവിതത്തിൽ സ്ത്രീജനോദ്ദേശ്യത്തെക്കുറിച്ചുള്ള പൂർണ്ണബോധത്തേയും അവരുടെ സ്ഥിതിയേയും മതിയേയും കുറിച്ച് കാര്യകാരണന്യായപൂർവ്വം അവ്യാജമായി ചെയ്യുന്ന വിചിന്തനത്തെയും ആധാരപ്പെടുത്തിയിരിക്കണം. ഈ നവീന വിദ്യാഭ്യാസക്രമത്തിൽ, ഇന്ത്യയിൽ അത്യാവശ്യമായുള്ള ഏറ്റവും പ്രധാനപ്പെട്ട ഒരു സംഗതി കായികശക്തിപോഷണമാകുന്നു. നമ്മുടെ നാട്ടുകാരിൽ വെളിവായി കാണുന്ന മനോമാന്ദ്യം, സദാചാരാഭാവം, നിർജ്ജീവചിന്ത, അധ്വാനവിമുഖത എന്നിവയ്ക്കെല്ലാം ഒരേ കാരണം ദുർബ്ബലമായ ദേഹപ്രകൃതിയാണ്. 'അബല'യാണെങ്കിലും അവൾ കായശക്തി തികഞ്ഞവളല്ലെങ്കിൽ അവളിൽ നിന്നുണ്ടാകുന്ന സന്താനങ്ങൾ സ്വാതന്ത്ര്യാശയത്തിനോ, ദേശീയധർമ്മനിർവ്വഹണത്തിനോ കഴിവില്ലാത്ത കൃശന്മാരായിട്ടേ വളരുകയുള്ളു. ഏതൊരു രാജ്യവും, അവിടത്തെ സ്ത്രീകൾക്കും പുരുഷന്മാർക്കും ആരോഗ്യവും ശൌര്യവും ഇല്ലാതിരിക്കുന്നേ കാലത്തോളം തീരെ ദുർബലപ്പെട്ടു ക്ഷീണിച്ചാണ് കിടക്കുക. തന്റെ കുട്ടിക്ക് ആരോഗ്യവും ശക്തിയും തികയുവാൻ തക്കവണ്ണം അതിനെ സഹായിക്കേണ്ടതു് തനിക്കുള്ള ദിവ്യധർമ്മമാണെന്ന് ഏതൊരു സ്ത്രീയ്ക്കും ദൃഢബോധമുണ്ടാവണം. സ്ത്രീകൾക്കു കായശക്തിയുണ്ടെങ്കിൽ അവർ അരോഗമായ മാനസികാഭിവൃദ്ധിക്ക് അർഹകളാകയും, അതു് ദേശീയജീവിതത്തിനു ധന്യവും അമൂല്യവുമായ സ്വത്തായിത്തീരുകയും ചെയ്യും. കായികാഭ്യാസം, സത്തായി സംസ്കൃതമായുള്ള വിദ്യാഭ്യാസം, സമുദായവിജ്ഞാനത്തെക്കുറിച്ചുള്ള വിപുലജ്ഞാനം, ഉദ്യോഗപരിചയം, ഗൃഹഭരണശീലം എന്നിവയാണ് നാളത്തെ സ്ത്രീജനവിദ്യാഭ്യാസത്തിൽ സംഘടിപ്പിക്കേണ്ടതായ വിഷയങ്ങളിൽ ചിലതു്.

അപ്രകാരം അഭ്യസിപ്പിക്കപ്പെട്ട സ്ത്രീകൾ ദേശീയകാര്യത്തിൽ ശ്രമിക്കുന്നതിനു പുരുഷന്മാർക്കു യോഗ്യരായ ചങ്ങാതികളായിത്തീരുന്നതാണ്. . അപ്പോൾ ഭാരതഭൂമി—മിസ്സ് കൃഷ്ണാബായിളുലാസ്കർ തന്റെ ഉപന്യാസത്തെ ഉപന്യസിക്കുന്നു:—ലോകത്തിലെ മററുരാ

ജ്യങ്ങൾക്കിടയിൽ തന്റെ അഭിമാനകരമായ സ്ഥാനത്തെ അതിവേഗത്തിൽ പ്രാപിച്ച യഥാർത്ഥസുഖത്തെ നൽകുന്ന തികഞ്ഞസമാധാനത്തെയും, മനുഷ്യവർഗ്ഗം പിഴച്ചിടറിച്ചെല്ലുന്ന മാർഗ്ഗത്തെ സുഗമമാക്കുന്നെ ചിൽപ്രകാശത്തെയും വർഷിച്ചുതുടങ്ങുന്നതു കാണാം. അതുകൊണ്ടു്, സ്ത്രീവിദ്യാഭ്യാസപ്രശ്നമയം ഒരു പുണ്യധർമ്മത്തിന്റെ ആവേശത്തിനും അഭിനിവേശത്തിനും വിഷയമായിത്തീരട്ടെ. നാളത്തെ ഭാരതഭൂമി ആത്മികമായും ഭൌതികമായും സമ്പൽപൂർണ്ണയാകണമെങ്കിൽ, പല നൂറ്റാണ്ടുകളായി പഴകി ദുഷിച്ചുകിടക്കുന്ന മാർഗ്ഗത്തെ കൈവിട്ടു പുതിയൊരു മാർഗ്ഗത്തിൽ പ്രവേശിക്കതന്നെ വേണം. ഇന്ത്യയിലെ സ്ത്രീകളും പുരുഷന്മാരും ജീവിതത്തിലെ എല്ലാ വിഭാഗത്തിലും സ്വതന്ത്രരായി നിന്നു് അവരുടെ ആത്മികജീവിതംകൊണ്ടുള്ള ഫലത്തെ ലോകത്തേക്കു് ദാനം ചെയ്യേണ്ടതാണു്. സ്വാർത്ഥപരത കൂടാതെ, സ്വരാജ്യത്തിനുവേണ്ടി മാത്രമല്ലാതെ, മനുഷ്യവർഗ്ഗത്തിനൊട്ടാകെ ക്ഷേമം വർദ്ധിക്കുവാനായി ഇന്ത്യാസന്താനങ്ങൾ പ്രയത്നിക്കണം. അവരുടെ മൌനയുക്തവും ഫലവത്തുമായ കർമ്മത്താൽ ശാന്തി, പ്രേമം, സഹോദരത്വം എന്നീ ശ്രീകിരണങ്ങളെ ലോകത്തിൽ വ്യാപിപ്പിച്ചു മാതൃഭൂമിയെ ലോകത്തിലെ ആത്മികമാതാവെന്ന സ്ഥാനത്തേക്കു ഉയർത്തുകയും വേണം.

കുന്നത്തു് ജനാർദ്ദനമേനോൻ ('സമദർശി' പത്രാധിപർ.)

---

# ഗീതാഞ്ജലി.

൧.

എന്നുടെ സമീപത്തു വാത്സല്യപൂർവ്വം വന്നു
ചേർന്നവനിരുന്നു, ഹാ, ഞാനുണർന്നീലന്നേരം
എന്തൊരു ഗാഢനിദ്ര ചെയ്തുപോ,യാപത്തേവം
ഹന്ത, പറവുമാറല്ലോ, ഞാൻതന്നെ ഭാഗ്യഹീനൻ!
എങ്ങുമേ നിശ്ശബ്ദമായ്, ശാന്തമായ്, ക്രൂരിരുട്ടു
തിങ്ങുന്നരാവിലത്രേ വന്നതുപാരത്തവൻ;

ഹാ, മമസ്വപ്നലോകം ശബ്ദായമാനമാകു-
മാറവൻ കരധൃതവീണ മീട്ടിനാനപ്പോൾ;
എന്നിട്ടുമുണർന്നീല, ഗാഢനിദ്രയിൽപ്പെട്ടു
തന്നെഞാൻ കിടന്നുപോയ്, കഷ്ടമേ, ഭാഗ്യക്ഷയം!
ഒന്നൊന്നായല്ലോ, രാത്രിയൊക്കെയുമേവം പൊയ്പ്പോ-
കുന്നു, ഹാ, പാഴായ്ത്തന്നെ, കാണുന്നീലവനെ ഞാൻ;
തൻമൃദുശ്വാസമേല്ക്കുന്നുണ്ടുഞാനുറക്കത്തിൽ,
പിന്നെയുമുണരുന്നീലവനെക്കാണ്മീല ഞാൻ.

൨.

വെളിച്ചം, വെളിച്ചമെ,ങ്ങെങ്ങയ്യോ വെളിച്ച,മി-
ന്നുള്ള മൽതൃഷ്ണാഗ്നിയാലുജ്ജ്വലിപ്പിച്ചാലും നീ;
വിളക്കെൻ കയ്യിൽപ്പിടിച്ചിരുന്നും ഫലമെന്തു്?
വെളിച്ചംനാസ്തി, നാസ്തിതീയെരിനാളംപോലും;
ഹാഹന്ത, ഹൃദയമേ, നിന്നുടെഗതിയീമ-
ട്ടായല്ലോ! മൃത്യുതന്നെ നല്ലതീനിലയെക്കാൾ;
കേട്ടാലുമെന്നാൽ, ദുഃഖരൂപിണി നിൻവാതില്ക്കൽ
മുട്ടുന്നു, ശുഭവാർത്തയെന്തൊന്നോ പറയുന്നു;
കേവലം നിദ്രാധീനനാവാതെ, സദാജാഗ്രൽ-
ഭാവത്തിൽത്തന്നെനിന്റെ വല്ലഭൻവാഴുന്നപോൽ;
നിന്നെയുണർത്തവൻ വിളിക്കുന്നുപോലീരാത്രിയിൽ-
ത്തന്നെ,യീക്കൂരിരുട്ടിലഭയസ്ഥലമെത്താൻ;
വാനിടമെങ്ങും കരിങ്കാർനിറഞ്ഞിരുണ്ടുപോയ്,
ഘോരഘോരമായ് മാരിയുണ്ടിതാ തകർക്കുന്നു;
എന്തെന്തെൻകരളേ, നീയീനേരത്തുദ്വേഗംപൂ-
ണ്ടിങ്ങിനെ തുടിക്കുന്നു? ഹേതുവെന്തിതിന്നാവോ?
ഒന്നുടൻകാന്തിചിന്തി,ത്തൽക്ഷണം മറയുന്ന
മിന്നലാൽപൂർവ്വാധികം മൂടുന്നുതമമട്ടി
ആ നിശാഗീതമെന്നെക്ഷണിക്കുന്നുവിടേയ്ക്കു
ഞാനഹോ വഴിതപ്പിത്തിരഞ്ഞിങ്ങുഴലുന്നു;
വെളിച്ചം, വെളിച്ചമെ,ങ്ങെങ്ങയ്യോ, വെളിച്ചമി-
ന്നുമൽതൃഷ്ണാഗ്നിയാലുജ്ജ്വലിപ്പിച്ചാലും നീ.

അത്യുഗ്രം ഗർജ്ജിക്കുന്നു നീരദഗണം വാനിൽ,
ശക്തിയോടിരമ്പുന്ന ചണ്ഡമാരുതകോപം,
ഘോരമായിന്ദ്രനീലംപോലവേ, കറുത്തിരു-
ണ്ടീരാവോ, ഭയങ്കരാകാരമാർന്നിരിക്കുന്നു;
പോവതെങ്ങിനെയിപ്പോൾ? പ്രേമദീപത്തെയെന്റെ
ജീവതൈലത്താൽ നന്നായുജ്ജ്വലിപ്പിച്ചാലും നീ.

കെ. എസ്സ്. നാരായണമേനോൻ.

---

# മാതൃധർമ്മം.

---

൧.

സന്താനമില്ലാത്ത മനുഷ്യന്റെ ജീവിതത്തെ—പുരുഷനായാലും സ്ത്രീയായാലും—കായ്ക്കാത്തതും എന്നാൽ ദുർഗ്ഗന്ധത്തെ വഹിച്ചുകൊണ്ടിരിക്കുന്ന പൂക്കളോടു കൂടിയും, ഒരേ ഒരൊറ്റശാഖയോടുകൂടി നിഴലില്ലാത്തവിധവും നില്ക്കുന്ന ഒരു വൃക്ഷത്തോടു ഉപമിക്കാവുന്നതാണെന്ന് ഇന്ത്യയിലെ ഒരു കവിവര്യൻ പാടിയിട്ടുണ്ട്. ഇദ്ദേഹത്തിന്റെ ഈ ചെറിയ ഉപമയിൽ അനേകം തത്വങ്ങൾ അന്തർഭവിച്ചു കിടപ്പുണ്ട്. ഹിന്ദുക്കളുടെ ശ്രുതിസ്മൃതികളിലും പുരാണേതിഹാസങ്ങളിലും സന്താനലാഭം വളരെ ഉൽകൃഷ്ടമായി വർണ്ണിക്കപ്പെട്ടിരിക്കുന്നുവെന്നുമാത്രമല്ല സന്താനമില്ലാതെ മരിക്കുന്നവർക്ക് ചതുർത്ഥപുരുഷാർത്ഥത്തെ സാധിക്കാൻ വഴിയില്ലാത്തതുകൊണ്ട് അവരുടെ ജീവിതം നിന്ദ്യമായിട്ടുള്ളതാണെന്നുകൂടിയും ഗണിക്കപ്പെട്ടിരിക്കുന്നു. ഇതുനിമിത്തം വിവാഹബന്ധം ഒരു സാമുദായികകരാർ എന്നുള്ള നിലയെവിട്ടു മതസംബന്ധമായ ഒരു സംസ്കരണമായിട്ടാണ് പൗരാണികന്മാർ ഗണിച്ചിട്ടുള്ളത്. ഹിന്ദുക്കളുടെ ഷോഡശസംസ്കാരങ്ങളിൽ ഒരു പ്രധാനപ്പെട്ട ക്രിയ വിവാഹമാണ്. ഒരു ഭാര്യയില്ലാത്തവന് സമുദായത്തിൽ ഒരു സ്ഥാനവുമില്ലാത്തതിനു പുറമെ അങ്ങിനെയുള്ളവരെ വിശ്വസിക്കരുതെന്നുകൂടി ഹിന്ദുക്കളുടെ പ്രമാണഗ്രന്ഥങ്ങൾ സിദ്ധാന്തിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ ഇത്രത്തോളം പ്രബലമായ പ്രമാണങ്ങളും സിദ്ധാന്തങ്ങളും ഉള്ളതുകൊണ്ടു

യിരിക്കണം ഒരുപക്ഷെ ഇക്കാലത്തെ ഹിന്ദുസമുദായത്തെ അധഃപതിപ്പിക്കുന്നവിധം അവരുടെ ഇടയിൽ ശൈശവവിവാഹം നടപ്പായിത്തീൎന്നതു്. ഒരു കന്യകയെ വിവാഹത്തിനു പ്രായമായതിനു ശേഷം അവിവാഹിതയാക്കി വെച്ചുകൊണ്ടിരിക്കുന്ന പിതാവു പാപിയാണെന്നു മാത്രമല്ല അങ്ങിനെയുള്ളവന്റെ ഗൃഹത്തിൽ അതിഥികൾക്കു ഭക്ഷണംകഴിക്കുവാൻ പാടില്ലെന്നുകൂടി വിധിക്കപ്പെട്ടിരിക്കുന്നു. ഇതിൽനിന്നായിരിക്കാം ഒരുവേള കന്യകകളെ ഋതുവാകുന്നതിനുമുമ്പു വിവാഹംചെയ്യണമെന്ന നടപ്പും വന്നുകൂടിയതു്. അതു് എങ്ങിനെ ഇരുന്നാലും, വാസ്തവത്തിൽ ഈവക മതസിദ്ധാന്തങ്ങൾ—പക്ഷെ കാലാന്തരത്തിൽ ദുഷിച്ചുപോയെങ്കിൽകൂടി—ഹിന്ദുക്കളെ അധികം സന്മാൎഗ്ഗികളാക്കി തീൎക്കുന്നുണ്ടെന്നു സമ്മതിക്കാതെ കഴികയില്ല. ഈവക സിദ്ധാന്തങ്ങളുടെ അടിസ്ഥാനം, സന്താനോല്പാദനവും തന്മൂലമുള്ള പ്രപഞ്ചവൎദ്ധനവുംതന്നെയാണു്. "സന്തോപ്യാഹുരപത്യാൎത്ഥാ മേപത്യാ സ്സംഗതിംരഹഃ" എന്നുള്ള സിദ്ധാന്തമാണു് ഇതിലെല്ലാം അന്തൎഭവിച്ചിരിക്കുന്നതു്. അതുകൊണ്ടു യഥാകാലം വിവാഹംചെയ്യുന്നതു സ്ത്രീകൾക്കും പുരുഷന്മാൎക്കും ഐഹികമായും പാരത്രികമായും പ്രയോജനകരമാകുന്നു.

സന്താനോല്പാദനമാണു് വിവാഹത്തിന്റെ ഉദ്ദേശ്യമെന്നുമുൻ പറഞ്ഞതിൽനിന്നു വ്യക്തമായല്ലോ. ഇക്കാൎയ്യത്തിൽ ദമ്പതികൾ തുല്യാധികാരികൾതന്നെ എങ്കിലും സ്ത്രീക്കു പ്രാമാണ്യം കൂടുതലുണ്ടു്. ഈ വിഷയത്തിൽ പുരുഷൻ ബീജവും സ്ത്രീ ക്ഷേത്രവുമാകുന്നു. വിത്തു എത്ര നല്ലതായാലും കാലത്തിൽ വേണ്ടവിധം ഉരംചേൎത്തു വിതയ്ക്കപ്പെട്ടതായിരുന്നാലും ഭൂമി നല്ലതല്ലെങ്കിൽ അതിൽനിന്നുള്ള ഫലാനുഭവം ശോചനീയമായിട്ടേ കലാശിക്കൂ. അതുപോലെതന്നെയാണു് ഈ വിഷയത്തിലും വിചാരിക്കേണ്ടതു. അതുകൊണ്ടു് ഈവിഷയത്തിൽ സ്ത്രീയ്ക്കുള്ള പ്രാമാണ്യം ശരീരശാസ്ത്രസംബന്ധമായും വളരെ സാരവത്തായിട്ടുള്ളതാകുന്നു.

ഗൎഭകാലത്തിൽ സ്ത്രീയുടെ അജ്ഞതയുടെയുംമററും ഫലമായിട്ടു ഗൎഭസ്ഥനായ ശിശുവിനു പല തകരാറുകളും നേരിടാവുന്നതാണെന്നും ആ വക കാൎയ്യം ഒന്നും സംഭവിക്കാതെ നോക്കേണ്ടതു സ്ത്രീകളുടെ ചുമതലയാണെന്നു മാത്രമല്ല പുരുഷന്മാർ—ഭൎത്താക്കന്മാർ—എത്ര വിദ്വാന്മാരും കുശാഗ്രബുദ്ധികളും ആയിരുന്നാൽകൂടി ഈവക സന്ദൎഭങ്ങളിൽ വേണ്ടതുപോലെ മനസ്സിരുത്തുവാനും മനസ്സിരുത്തിയാൽതന്നെ സാധിക്കുവാനും കഴിയുന്നതല്ലെന്നും ഉള്ളതു് ഏവൎക്കും

അറിവുള്ള സംഗതിയാണ്. ആകയാൽ ഈ അവസരത്തിലും ശിശുവിനെസംബന്ധിച്ചിടത്തോളം അധികം ഉത്തരവാദിത്വം സ്ത്രീകൾക്കാണെന്നുള്ളത് നിർവ്വിവാദമാണ്. പ്രസവംകഴിഞ്ഞാലത്തെ സ്ഥിതി പ്രത്യേകം എടുത്തുപറയേണ്ടതായിട്ടില്ല. ശിശുക്കളുടെ സ്വഭാവരൂപീകരണവും ഏതാണ്ട് ഒരു സംസ്കരണവും മാതാക്കന്മാരിൽനിന്നുതന്നെയാകയാൽ അവർക്ക് ഈ ഘട്ടത്തിലുള്ള ഉത്തരവാദിത്വം വളരെ ശ്രേഷ്ഠമായിട്ടുള്ളതാണ്. അതുകൊണ്ടു ഒരു മാതാവിന്റെ ചുമതല എത്രയും ശ്രേഷ്ഠവും ഗൗരവാവഹവുമാകുന്നു എന്നു ഇവിടെ എടുത്തു പറയേണ്ടിയിരിക്കുന്നു.

ഒരു സ്ത്രീക്കു പ്രധാനമായി മൂന്നുവിധം ധർമ്മങ്ങൾ വിധിക്കപ്പെട്ടിരിക്കുന്നു. അതായതു പുത്രി എന്നുള്ള നിലയിൽ മാതാപിതാക്കന്മാരോടും, ഭാര്യ എന്നുള്ള നിലയിൽ ഭർത്താവിനോടും, മാതാവു എന്നുള്ള നിലയിൽ പുത്രന്മാരോടുമുള്ള ചുമതലകൾതന്നെ. ഒരു സ്ത്രീയുടെ ജീവിതം ഈ മൂന്നുവിധം ചുമതലകളാൽ വ്യാപ്തമായിരിക്കയാണ്. ഇവയേയും നാം സൂക്ഷ്മമായി വിചിന്തനം ചെയ്യുന്നപക്ഷം, പുത്രന്മാരോടുള്ള കടമയിലാണ് മററുള്ളവയുടെയും സ്ഥിതി എന്നു നമുക്കു കാണാവുന്നതാകുന്നു. വിവാഹം സന്തോഷത്തിനും, ഒന്നിച്ചു കാററുകൊള്ളുവാനും ആടാനും പാടാനും വിരുന്നുകളിലും സഭകളിലും പങ്കുകൊള്ളുവാനും പൂങ്കാവനങ്ങളിൽ വിഹരിക്കുവാനും ആയിട്ടല്ല നമ്മുടെ പൂർവ്വന്മാർ ഗണിച്ചിട്ടുള്ളതു് എന്നു മുൻപു പ്രസ്താവിച്ചുവല്ലോ. വിവാഹത്തിന്റെ ഉദ്ദേശ്യം സന്താനലാഭംതന്നെ. ദമ്പതിമാരുടെ മനസ്സന്തുഷ്ടിയും പരസ്പരം രഞ്ജിച്ചുള്ള ഇരിപ്പും എല്ലാം സന്താനത്തിന്റെ സമ്യൿസ്ഥിതിയ്ക്കായിട്ടാണു പ്രയോജനപ്പെടുന്നതു്. ഭാര്യാഭർത്താക്കന്മാർ തങ്ങളിൽ മനഃചേർച്ചയില്ലാത്തവരാണെങ്കിൽ അതു സന്താനത്തിന്നു ദോഷകരമാണെന്നല്ല, താല്ക്കാലികമായി നേരിടാവുന്ന മനഃകുണ്ഠിതംകൂടി സന്താനത്തെ ബാധിക്കുന്നതാണെന്നാണ് സിദ്ധാന്തം. ആകയാൽ ഭർത്തൃശുശ്രൂഷയുടെയും സ്ഥിതി ആശ്രയിച്ചിരിക്കുന്നതു മേൽപറഞ്ഞതിൽതന്നെ. വിവാഹാനന്തരമുള്ള ദമ്പതികളുടെ സന്തോഷവിശ്രമങ്ങളും ആനന്ദാനുഭൂതിയും യോജിപ്പും, ഭാവിസന്താനത്തിന്റെ ഗുണത്തിനായിട്ടാണ് ഹിന്ദുസമുദായം നോക്കുന്നതു്. മററുള്ള സമുദായങ്ങളാവട്ടെ ഇവയെല്ലാം കേവലം സ്വാർത്ഥമാത്രപരായണമായി വിചാരിക്കുന്നു.

ഇങ്ങിനെനോക്കുകയാണെങ്കിൽ ഒരു സ്ത്രീയുടെ പ്രധാന

വും പ്രഥമവുമായ ചുമതല പുത്രന്മാരോടുള്ളതാണെന്നു തെളിയുന്നതാണു്. ഗൃഹഭരണത്തിലും സമുദായത്തിലും രാജ്യഭരണത്തിലും അവൾക്കുറെക്കുറെ ജോലികൾ നിൎവ്വഹിക്കാനുണ്ടാവും. എന്നാൽ ബുദ്ധിയുള്ള ഒരുസ്ത്രീ അവയെല്ലാം തന്റെ ഭൎത്താവു പുത്രൻ എന്നിവർ വഴിയായിട്ടാണു് ആവകജോലികളെ നിൎവ്വഹിക്ക പതിവു്. ഇന്ത്യയിലെ ആദൎശം ഇതാകുന്നു. ഭാൎയ്യാഭൎത്തൃസ്നേഹം വിവാഹാവസരംവരെയ്ക്കും അപത്യസ്നേഹം ശിശുപരിപാലനശാലാസന്ദൎശനവേളവരേയും അതിരിട്ടു നിൎത്തിയിരിക്കുന്ന പാശ്ചാത്യസഹോദരികളെപ്പോലെ തങ്ങളുടെ ഭൎത്താക്കന്മാരും മക്കളും തങ്ങൾക്കു വിരോധമായി എന്തെങ്കിലും പ്രവൎത്തിക്കുന്നതിനു ധൈൎയ്യപ്പെട്ടുമെന്നു വിചാരിക്കുവാൻ തക്കവണ്ണം ഇന്ത്യയിലെ സ്ത്രീകൾ അത്ര നിൎഭാഗ്യകളായിട്ടില്ല. പ്രത്യുത, സ്ത്രീകളെക്കാൾ അവരുടെ കാൎയ്യം നോക്കുന്നതിനു പുരുഷന്മാർ ശ്രദ്ധവച്ചുകൊള്ളുമെന്നു തന്നെയാണു അവർ വിചാരിക്കുന്നതു്. അതുകൊണ്ടു സ്വാതന്ത്ര്യമെന്ന ശബ്ദത്തെ വിലക്ഷണമായ നീചാൎത്ഥത്തിൽക്കൂടി വലിച്ചിഴച്ചു, നാടകശാലകളിലും പ്രസംഗമണ്ഡപങ്ങളിലും ഹാജരാകാത്തതു നിമിത്തം നമ്മുടെ സ്ത്രീവൎഗ്ഗം അസ്വാതന്ത്ര്യമെന്നു ഘോഷിക്കുവാൻ ഒരു യഥാൎത്ഥ ഇന്ത്യാക്കാരൻ ധൈൎയ്യപ്പെടുന്നതല്ല. സ്ത്രീകളാവട്ടെ അവരുടെ ശക്തി മുഴുവൻ പുരുഷന്മാർ വഴിയായിട്ടാകുന്നു വ്യാപരിപ്പിക്കുന്നതും വ്യാപരിപ്പിക്കേണ്ടതും. കാലദോഷംകൊണ്ടു നമ്മുടെ ഈ ഉൽകൃഷ്ടാദൎശത്തെ അപലപിച്ചും, സ്വാതന്ത്ര്യത്തിൽ ഭ്രമിച്ചും എന്തെല്ലാമോ ഗോഷ്ടികൾ കാട്ടി ലോകയാത്രയെ അമരക്കാരനില്ലാത്ത തോണിപോലെയാക്കാൻ ശ്രമിച്ചുവരുന്നുണ്ടു്. ഈ കഷ്ടാവസ്ഥ നീങ്ങി സ്ത്രീകൾ അവരുടെ യഥാൎത്ഥസ്വാതന്ത്ര്യത്തെ ലാക്കാക്കിക്കൊണ്ടു പ്രവൎത്തിക്കേണ്ടതു് ഇന്ത്യയുടെ നന്മയ്ക്കു അത്യാവശ്യമാണു്. സ്വാതന്ത്ര്യം എന്ന വാക്കിന്നു പ്രേരകത്വം എന്നാണു് അൎത്ഥം. ഉത്തമസ്ത്രീകളുടെ പ്രേരണ അനുസരിച്ചേ സമുദായചക്രം തിരിയൂ. അങ്ങിനെയുള്ള ശക്തിയില്ലാത്തവരും അതിനെ സ്വാധീനപ്പെടുത്താൻ കഴിയാത്തവരുമായ ചിലരാകുന്നു സ്വാതന്ത്ര്യത്തിന്റെ മോഹനമായ ബാഹ്യാഡംബരങ്ങളിൽ ഭ്രമിച്ചു സ്ത്രീവൎഗ്ഗത്തെ അധഃപതിപ്പിക്കുവാൻ ശ്രമിച്ചുവരുന്നതു്. നമ്മുടെ സ്ത്രീകൾ ആ ശക്തിയെയാണു് പ്രധാനമായി സ്വാധീനമാക്കേണ്ടതു്. ആ ഉദ്ദേശ്യത്തെ സാധിപ്പിക്കുന്ന വിദ്യാഭ്യാസമാകുന്നു അവൎക്കു ഉചിതമായിട്ടുള്ളതു്. അല്ലെങ്കിൽ അധികതാമസം കൂടാതെ ഇന്ത്യയിലെ ജനസമുദായം അമരക്കാരനില്ലാത്ത കപ്പൽപോലെയും സേനാനായകനില്ലാത്ത യുദ്ധക്കളംപോലെയും ആയി തീരു

ന്നതാണ്. അതിന്റെ ഫലം ഇന്ത്യയെ യാതൊരു രമ്യതയുമില്ലാത്ത ഒരു 'പടേനിക്കളെ'മാക്കിത്തീൎക്കുകയായിരിക്കും.

വൈദ്യൻ എസ്. കേ. വാര്യർ.

# നിയതിഗതി.

(അഥവാ)

ഞാനും വസന്തസേനയും.

(തുടൎച്ച.)

ഞാനും ഡാക്ടരുംകൂടി ശവസംസ്കാരത്തിനു വേണ്ടപ്പെട്ട ഏൎപ്പാടുകൾ എല്ലാം ചെയ്തു. പിറേറന്നു കാലത്തു കണ്ടുകൊള്ളാമെന്നു വസന്തസേനയെ നോക്കി ഒരഭിനിവേശത്തോടുകൂടി യാത്ര പറഞ്ഞ് ഡാക്ടർ അവിടെ നിന്നു പോയി. വല്ലാത്ത മനശ്ശല്യത്തോടെ ഞാനും സ്വവസതിയിലേക്കു തിരിച്ചു. നേരം തെല്ലേറെ വൈകിയതിനാൽ ഭക്ഷണം വേണമെന്നു തോന്നിയില്ല. വേഗം കുളിച്ചു ശയനഗൃഹത്തിൽ ചെന്നപ്പോൾ എന്റെ ഭാൎയ്യ യമുന 'കുംഭകൎണ്ണസേവ'യിൽപ്പെട്ടു കൂൎക്കം വലിക്കുന്നുണ്ട്. അടക്കാൻ വഹിയാത്ത വിധത്തിലുള്ള മനഃക്ഷോഭത്തോടെ ഞാനും കിടപ്പിനു വട്ടംകൂട്ടി. വസന്തസേനാവൃത്താന്തത്തെത്തന്നെ അന്തരംഗം ആമ്രേഡനം ചെയ്തുതുടങ്ങി:— വസന്തസേന എന്റെ വീട്ടിൽ എന്റെ പ്രസാദം പ്രതീക്ഷിച്ച് സകലവിധക്ലേശങ്ങളും സഹിച്ചു കഴിച്ചുകൂട്ടിയ ആ കാലം എന്റെ ഓൎമ്മയിൽവന്നു. ഹൃദയംഗമമായ എന്റെ ഒരു വാക്കു കിട്ടുന്നതിനായി അവൾ അന്നു എന്തിനെല്ലാം തെയ്യാറായിരുന്നില്ല? അവളുടെ ഹൃദയം എത്ര സ്നേഹാൎദ്രമായിരുന്നു! ആ പരിശുദ്ധഹൃദയം, ഞാൻ യമുനയെ വിവാഹം ചെയ്തതുംമററും അറിഞ്ഞപ്പോൾ പൊട്ടിത്തകൎന്നു പോയിട്ടുണ്ടായിരിക്കണം! അവൾ താൻ കെട്ടിവെച്ച ആ കാശക്കോട്ടയോടുകൂടി ഇടിഞ്ഞു പൊളിഞ്ഞു വീണിരിക്കണം. ഏതായാലും ഞാനൊരഗതിയായ അബലയുടെ നവനീതമൃദുലമായ ഹൃദയത്തിൽ ദാരുണമായൊരു വ്രണം ഉണ്ടാക്കികഴിഞ്ഞു. അതു ഏതൊരു സിദ്ധൌഷധത്താലും വിരോപ

ണം ചെയ്യാൻ കഴിയുന്നതല്ല. എൻെറ പൈശാചികമായ ആ നിഷ്ഠുരതയ്ക്കുതക്ക ഫലം ഞാനിപ്പോളനുഭവിക്കാതിരിക്കുന്നില്ല. ഭാൎയ്യയുടെ പണത്തിനായി, പൌരുഷവും സ്നേഹവും പണയപ്പെട്ടത്തി പരതന്ത്രതയിൽ കുടുങ്ങിയ എൻെറ ജീവിതം എത്ര മലിനമായ് ചമഞ്ഞിരിക്കുന്നു! പിണംപോലെ ഹേയമായ പണത്തിനുകൊണ്ടുപോയി പുരുഷത്വം ബലികഴിച്ചു ഭാൎയ്യയുടെ ചോറുതിന്നു ഭാൎയ്യയുടെ ചൊല്പടിക്കു കീഴടങ്ങി ഭാൎയ്യയുടെ വീട്ടുവേല ചെയ്യുന്ന ഞാൻ ഒരു മനുഷ്യനാണോ? ഉൽകൃഷ്ടവിദ്യാഭ്യാസം സിദ്ധിച്ചു പരിഷ്കൃതമതികളായി എന്നു നടിച്ചു നടക്കുന്ന എന്നെപ്പോലുള്ള എത്രഎത്ര ചെറുപ്പക്കാരാണു് പണപ്പിശാചിനായി, അമൂല്യമായ തങ്ങളുടെ വിജ്ഞാനരത്നത്തെ ബലികൊടുത്തു പുരുഷധൎമ്മം വ്യഭിചരിപ്പിക്കുന്നതു്! മാതൃഭൂമിയുടെ പാദശുശ്രൂഷ ചെയ്യേണ്ട കൈകൊണ്ടു പെണ്ണിൻെറ കാലുതലോടുന്ന പെണ്ണന്മാരുടെ എണ്ണത്തിനു വണ്ണമുണ്ടാക്കുന്ന ഹേപരിഷ്കാരമേ! നീ നാലുപാടും വാരിവിതച്ച നഗ്നമായ നയബീജങ്ങൾ മുഴുവൻ മുളച്ചു കഴിഞ്ഞിരിക്കുന്നു. അവയുടെ വളച്ചുയ്ക്കു വളംവെച്ചു ഭൎത്തൃമാരായ ഭാൎയ്യമാരുടെ ഭാൎയ്യന്മാരായ ഭൎത്താക്കന്മാരെ ഫലിപ്പിക്കുന്ന പരിഷ്കൃതവിദ്യാഭ്യാസസമ്പ്രദായമേ! നിനക്കിതാ ദൂരനമസ്കാരം! പണവും പദവിയും കാംക്ഷിച്ചിരുന്നില്ലെങ്കിൽ ഞാൻ ഇതേസമയത്തു് ഇതേ ക്ഷണത്തിൽ ഏതൊരു തരം മഹാഭാഗധേയമനുഭവിക്കുമായിരുന്നു! ഭൎത്താവും തൃണവും തുല്യമായിട്ടുള്ള ഈ യമുനയുടെ സ്ഥാനത്തു് പ്രേമം പ്രമാണമായിട്ടുള്ള ആ വസന്തസേനയായിരുന്നുവെങ്കിൽ ഈ രാത്രി എത്ര മേൽ എനിക്കു് ആനന്ദമയമാകുമായിരുന്നു! ആഭരണാദ്യാഡംബരങ്ങളിൽ മുങ്ങിക്കുളിച്ചു മാളികമുകളിൽ 'കെട്ടിലമ്മ' ചമഞ്ഞിരിക്കുന്ന യമുനയുടെ നിന്ദാസൂചകങ്ങളായ നോട്ടങ്ങളേക്കാൾ നിരാഭരണസുന്ദരിയായി കേവലം ചെറാപ്പാഴ്ക്കുടിലിൽ കുടികൊള്ളുന്ന വസന്തസേനയുടെ പ്രീതിസ്നിഗ്ദ്ധമായകടാക്ഷങ്ങൾ എത്ര ഹൃദ്യങ്ങളും അമൂല്യങ്ങളുമാണു്! ഇങ്ങിനെയുള്ള വിവിധവിചിന്തകൾക്കധീനനായി നിദ്രകൂടാതെ അന്നത്തെരാത്രിയും പുലൎത്തിക്കൂട്ടി. നേരം പുലൎന്നപ്പോൾ രാത്രിവരാൻ വൈകിച്ചതിൻെറ വകയായി യമുന ഒരുപാടു ശകാരിച്ചു. ഞാനൊന്നും മിണ്ടാതെ വസന്തസേനയുടെ വീട്ടിലേക്കു നടകൊണ്ടു. അവിടെ ഡാക്ടർ മധുസൂദനമൂൎത്തി നേരത്തേതന്നെ ഹാജർ കൊടുത്തിട്ടുണ്ടായിരുന്നു. അദ്ദേഹം അവളെ പറഞ്ഞാശ്വസിപ്പിച്ചിരുന്നതിൽ ഞാനും പങ്കുകൊണ്ടു. ഞങ്ങളുടെ ഔദാൎയ്യത്തിനെ അവൾ കൃതജ്ഞതാവിജ്ഞാപകങ്ങളായ നോട്ടങ്ങൾകൊണ്ടു ബഹുമാനിച്ചു. എന്നാൽ അവൾ ഡാക്ടരുടെ നേൎക്കു അധികം പ്രീതിബ

ഹുമാനങ്ങൾ കാണിച്ചതിൽ എനിക്ക് തെല്ലസൂയ ഉണ്ടാകാതെ ഇരുന്നില്ല. വസന്തസേനയുടെ ആവശ്യത്തിലേക്കായി കുറച്ചു പണം അവളുടെ ഭൃത്യന്റെ കയ്യിൽ കൊടുത്തേല്പിച്ച് ഞാനവിടെ നിന്നു പോന്നു. അവളുടെ കയ്യിൽത്തന്നെ നേരിട്ടുകൊടുക്കത്തക്ക ധൈൎയ്യം എന്റെ മനസ്സാക്ഷിക്കുണ്ടായിരുന്നില്ല. ഞാൻ വീട്ടിൽ വന്നു കുറച്ചുകഴിഞ്ഞപ്പോഴക്കും കൊടുത്ത പണം അവൾ തിരിയെ അയച്ചു. തല്ക്കാലം തിടുക്കമില്ലെന്നും ആവശ്യംവരുമ്പോൾ പണം അപേക്ഷിച്ചുകൊള്ളാമെന്നും ഒരു സന്ദേശവും അവൾ പറഞ്ഞയച്ചിരുന്നു. വസന്തസേനയെ ആപല്ക്കാലത്തു സഹായിച്ചുവെന്നുള്ള കൃതാൎത്ഥതയും അതോടുകൂടി ഇല്ലാതായി.

പത്മപുരത്തിൽ മസൂരി ലഹളയായിത്തുടങ്ങി. എന്റെ ശ്വശുരനും യമുനയുടെ പിതാവുമായ ഗോപകുമാരജമിൻദാരും ആ മസൂരിത്തകൃതിയിൽ മരിച്ചു. എന്റെ അല്പസുഖവും അതോടുകൂടി വിട്ടുപോയി. ഭാൎയ്യയുടെ അമ്മയുടേയും ഭാൎയ്യയുടേയും മുഷ്ക്ക് പൂൎവ്വാധികം പ്രബലപ്പെട്ടു 'തൊട്ടതിനും പിടിച്ചതിനു'മൊക്കെ അവർ എന്നിൽ കുററം ചുമത്തിത്തുടങ്ങി. സ്വൈരം, സമാധാനം എന്നിവ എന്റെ അടുക്കൽ നിന്നകന്നു. ഈ അവസരത്തിലാണ് 'വസന്തസേനയെ ഡാക്ടർ മധുസൂദനമൂൎത്തി വിവാഹം ചെയ്യാൻ പോകുന്നുവെന്ന വൎത്തമാനംകേട്ടതു്. എന്റെ രക്തനാഡികളിൽ കൂടെ വിദ്യുച്ഛക്തി പായിച്ചതുപോലെ രക്തം തിളച്ചു കയറി. 'എന്ത്? എന്റെ വസന്തസേനയെ ഡാക്ടർ വിവാഹം ചെയ്യുകയോ? എന്നു ഞാൻ തന്നത്താനെ പറഞ്ഞുപോയി. എന്തൊരു നീതിയാണിതു്? വസന്തസേന എന്റെയാണോ? ആ സംശയം ഉടനെ തീൎക്കാറാകും. കേട്ടകേൾവി വാസ്തവമാണു്. ഇതാ ഡാക്ടരുടെ വക വിവാഹത്തിനുള്ള ക്ഷണക്കത്തു വന്നിരിക്കുന്നു.

വിവാഹദിവസം വന്നു—എന്റെ വസന്തസേന എന്റെ മുമ്പാകെ വെച്ചു മറെറാരാളുടെ വസന്തസേനയാകുന്ന കാൎയ്യം എനിക്കു കാണേണ്ട; തീൎച്ചതന്നെ. ഞാൻ വിവാഹത്തിനു പോയില്ല. അന്നത്തെ രാത്രി കാളരാത്രിതന്നെയായിരുന്നു. ഒരു പതിനായിരം വികാരങ്ങളും വിചാരങ്ങളും ഒന്നിച്ചു തിക്കിത്തിരക്കിക്കൊണ്ടെന്റെ ഹൃദയത്തിൽ കടന്നുകൂടി. അതേ രാത്രിയിൽ അതേ സമയത്ത്, അതേ ക്ഷണത്തിൽ, അതേ വസന്തസേന തന്നെ ആ മധുസൂദനമൂൎത്തിക്ക ജീവിതത്തെ എത്ര ഭാഗ്യവത്താക്കിക്കൊടുത്തിരിക്കുന്നു. മധുസൂദനമൂൎത്തി തന്റെ പ്രയത്നങ്ങളെ എത്ര മധുരങ്ങളായിട്ടാണ് കണ്ടിരിക്കു

ക! ജീവിതയാത്രയിലെ മാർഗ്ഗക്ലേശങ്ങളത്രയും നീങ്ങി ആനന്ദമാകുന്ന നന്ദനോദ്യാനത്തിൽച്ചെന്നു മധുസൂദനമൂർത്തി വിശ്രമിക്കുന്നു. ജീവിതത്തിലെ സകല സന്തോഷങ്ങളും സകലസുഖങ്ങളും സർവ്വഭാഗ്യങ്ങളും എന്തിനധികം? ഈശ്വരന്റെ അനുഗ്രഹങ്ങളൊക്കെയും മധുസൂദനമൂർത്തി അനുഭവിക്കുന്നു. ഞാനോ? ജീവിതായോധനത്തിലെ ഭയങ്കരഘട്ടങ്ങളോടു നേരിട്ടൊററയ്ക്കു് മല്ലടിച്ചു തളൎന്നു വലഞ്ഞു പരാജിതനായി ചമഞ്ഞിരിക്കുന്നു. മധുസൂദനമൂർത്തിക്കു ഏതൊരു രാത്രിയുടെ യാമങ്ങളാണോ അതിഹ്രസ്വങ്ങളായിത്തോന്നിയതു്, അതേ രാത്രിയുടെ അതേയാമങ്ങൾതന്നെ ഓരോന്നും എനിക്കു് അത്യന്തദീർഘങ്ങളായിട്ടാണു് പരിണമിച്ചതു്. ഏതൊരു രാവിനാണോ ദൈർഘ്യം പോരെന്നുവെച്ചു മധുസൂദനമൂർത്തി ആവലാതിപ്പെട്ടിരിക്കുക, അതേരാവിനുതന്നെ ദൈർഘ്യം വല്ലാതെ കൂടിപ്പോയി എന്നു ഞാനും ആവലാതിപ്പെട്ടു. ഏതൊരുരാത്രിയിലെ ചന്ദ്രനും നക്ഷത്രങ്ങളുമാണോ മധുസൂദനമൂർത്തിക്കു അതേവരേക്കാട്ടിൽ അധികം കമനീയങ്ങളായിത്തീർന്നതു്, അതേരാത്രിയിലെ ചന്ദ്രനക്ഷത്രാദികൾതന്നെ എനിക്കു് അത്യന്തം വിരൂപങ്ങളും വിഷമയങ്ങളുമായിത്തീൎന്നു.

## V.

അന്നു് ഒരു ‘ഉഴന്ന പന്ത്രണ്ടിൽ’ ആയിരുന്നു എന്റെനില. ‘പത്മപുരത്തേയും ഭാര്യയായ യമുനയേയും വിട്ടുപോന്നിട്ടു കൊല്ലം അഞ്ചാറു കഴിഞ്ഞിരിക്കുന്നു. യമുനയുടെ വീട്ടിൽ പാരതന്ത്ര്യം മൂത്തു തീരെ പൊറുതിമുട്ടിയപ്പോൾ അവിടെനിന്നു പോരികയാണുണ്ടായതു്. അതിൽപിന്നെ യമുനയുടെ യാതൊരു വൎത്തമാനങ്ങളും അറിയാറില്ല. പത്മപുരത്തിൽനിന്നുപോന്നതു് അച്ഛനു് അശേഷവും രസമായിരുന്നില്ല. അതിനെ അടിസ്ഥാനപ്പെടുത്തി പലപ്പോഴും എന്നെ ശകാരിക്കുക പതിവാണു്. സ്വന്തം അച്ഛനും സ്വന്താനാട്ടും അല്ലേ എന്നുള്ള ഒരു സമാധാനംമാത്രമെ എനിക്കന്നവിടെ കഴിച്ചുകൂട്ടുന്നതിനു അനുകൂലമായുണ്ടായിരുന്നതുള്ളു. ആ വൃദ്ധനും പടുകോപിയുമായ അച്ഛനെ പ്രസാദിപ്പിക്കുക എന്നുള്ള കാര്യം പ്രയാസപ്പെട്ടാൽപോലും സാധ്യമല്ല. ഞാനായിട്ടുമാത്രമാണു് അന്നു് അങ്ങിനെ അവിടെ കഴിച്ചുകൂട്ടിയതു്. പല ‘കള്ളികളിലും’ തലയിട്ടുനോക്കി: നിർഭാഗ്യത്തിന്റെ തികച്ചിൽകൊണ്ടു ഒന്നിലും പ്രവേശം സിദ്ധിച്ചില്ല. നാട്ടിൽ ഒരു വൎത്തമാനപ്പത്രത്തിനു ലേഖനങ്ങൾ എഴുതി കൊടുത്തിരുന്നതിൽ കുറേശ്ശ പണം കിട്ടിക്കൊണ്ടിരുന്നു. പഠിപ്പുകഴിഞ്ഞതോടുകൂടി കെട്ടിവെച്ചിരുന്ന പുസ്തകങ്ങളെല്ലാം

ക്കെ എടുത്തു വായിക്കുവാൻ തുടങ്ങി. സാഹിത്യസംബന്ധമായ പല ലേഖനങ്ങളും എഴുതുവാൻ ആരംഭിച്ചു. ചിലപ്പോൾ ചില കവിതകളും കുത്തിക്കുറിക്കുകയും ചെയ്തിരുന്നു. അക്കാലത്തു പറയത്തക്ക മററു പണികൾ യാതൊന്നും ഇല്ലാതിരുന്നതിനാൽ ഇങ്ങിനെ സാഹിത്യപരിശ്രമം ചെയ്യുന്നതിനു സൌകര്യം സിദ്ധിച്ചു. അതിൽ നിന്നൊരു പാഠവും എനിക്കു 'പഠിഞ്ഞു.' ഒന്നിനും കൊള്ളരുതാതെ ഒരു തൊഴിലും കിട്ടാതെ 'തെക്കും വടക്കും' നടക്കുന്നവർക്കാണ് സാഹിത്യപരിശ്രമം പറയുന്നതു്, എന്നതുതന്നെയാണ്, ആ പാഠം. സാഹിത്യത്തിനും ദാരിദ്ര്യത്തിനും തമ്മിൽ ഇത്ര കൂട്ടുകെട്ടു് കൂടുവാൻ കാരണം സരസ്വതിക്കും ലക്ഷ്മിക്കും തമ്മിലുള്ള വഴക്കുതന്നെയായിരിക്കണം.

വല്ലതും ഒരു ജോലി കിട്ടുന്നതിനായി പല വഴിയും ചെയ്തിരുന്ന പരിശ്രമങ്ങളൊക്കെയും പരാജയത്തിൽ പര്യവസാനിച്ചു. ഇങ്ങിനെ നിരാശപ്പെട്ടുകൊണ്ടിരിക്കുന്ന കാലത്ത് "സാരസ്വതോദയം" ബാലികാപാഠശാലയിൽ ഒരു തത്വശാസ്ത്രാദ്ധ്യാപകനെ ആവശ്യമുണ്ടെന്നു പത്രത്തിൽ നിന്നു മനസ്സിലാക്കുവാനിടയായി. ഉടനെ 'സർട്ടിഫിക്കേററുകൂടി' അതിലേക്ക് ഒരപേക്ഷ അയച്ചു, മറുപടി വരുന്നതും കാത്തുകൊണ്ടിരുപ്പായി. ദിവസങ്ങൾ കഴിഞ്ഞു. ആഴ്ചകളും രണ്ടുമൂന്നു കഴിഞ്ഞു—മറുപടി കിട്ടിയില്ല. തപാൽ ശിപായിയെ അകലെ നിന്നെങ്ങാനും കണ്ടാൽ 'ഇപ്പോൾ എനിക്കു കത്തുകിട്ടും' എന്ന ആശയോടെ വിചാരിക്കും. അടുത്തു ചെന്നു ചോദിക്കുമ്പോൾ നിരാശപ്പെട്ടു മടങ്ങിപ്പോരേണ്ടിയും വരും. നിർഭാഗ്യരാശിയായ എനിക്കുണ്ടോ വല്ലേടത്തും ഒരു തഞ്ചം കിട്ടാൻ പോകുന്നു? ഛെ! അങ്ങിനെ അത്രത്തോളം നിരാശപ്പെടുവാൻ വരട്ടെ; കുറച്ചുകൂടി പ്രത്യാശിച്ചു നോക്കുക. എനിക്കു ഒരു ദിവസം തപാലിൽ ഒരെഴുത്തുകിട്ടി. തിടുക്കത്തോടെ കത്തു പൊട്ടിച്ചു വായിച്ചു. എന്റെ കൈ വിറച്ചിരുന്നു. കുറച്ചു വായിച്ചു കഴിഞ്ഞപ്പോൾ എഴുത്തു വലിച്ചെറിഞ്ഞു. ഇതിനാണോ ഇത്രയൊക്കെ ഉൽകണ്ഠയോടെ കാത്തിരുന്നതു്? വരട്ടെ! കത്തു മുഴുവനും വായിച്ചില്ലല്ലോ. ഒന്നു മുഴുവൻ വായിച്ചുനോക്കാം. അഥവാ ആശയ്ക്കു വല്ല വഴിയും ഉണ്ടെങ്കിലോ? ഓഹോ! തീർച്ചയായും ആശയ്ക്കു വഴിയുണ്ട്. ആ കത്തിതാ നോക്കുക.

കുസുമനഗരം,
൪—൨—൪൨.

ശ്രീ.

നിങ്ങളുടെ ഹർജി കിട്ടി. ആ ഒഴിവിലേയ്ക്കു നിങ്ങൾക്കു മുമ്പെ ഒരാൾ അപേക്ഷ അയച്ചതിനാൽ ആ ആളെ നിയമിച്ചു കഴിഞ്ഞുപോയി എങ്കിലും ഞങ്ങൾ നിങ്ങളെ കൈവിടുന്നില്ല. ഇവിടെ ഒരദ്ധ്യാപകസ്ഥാനവും കൂടി ഒഴിവുണ്ട്. അതിലേക്കു സൌകൎയ്യമുള്ളപക്ഷം നിങ്ങൾ വരുന്നതു ഞങ്ങൾക്കു സന്തോഷാവഹമാണ്. മറുപടി അയയ്ക്കുമല്ലൊ. ഇത്രയും എഴുതിയതു നിങ്ങളോവുകകൊണ്ടാണെന്നു കൂടി അറിയിച്ചുകൊള്ളട്ടെ.

'സാരസ്വതോദയം' മാനേജർ,
കുസുമനഗരം.

ഇതിൽ കാണുന്ന 'നിങ്ങളോവുകകൊണ്ടു' എന്നതിൽനിന്നു എനിക്കു അവർക്കെന്തോ ഒരു പ്രത്യേകതയുണ്ടെന്നു വരാനുണ്ടല്ലോ. അതിനു കാരണമെന്തായിരിക്കാം? വളരെയാലോചിച്ചിട്ടും എനിക്കു യാതൊരു 'എത്തുംപിടിയും' ഉണ്ടായില്ല. കത്തിനു അനുകൂലമായ മറുപടി ഉടനേതന്നെ അയച്ചു. താമസിയാതെ നിയമിച്ചതായ കല്പനയും കിട്ടി. സ്ക്കൂൾ തുറക്കേണ്ട ദിവസമായി കുസുമനഗരത്തേയ്ക്കു പോകേണ്ട ഏൎപ്പാടുകൾ എല്ലാം ചെയ്തു. എനിക്കു ജോലികിട്ടിയതിൽ അച്ഛനു വളരെ സന്തോഷമായി. ഒരു നല്ല ദിവസംനോക്കി ഞാൻ കുസുമനഗരത്തേയ്ക്കു പുറപ്പെട്ടു.

സ്ക്കൂൾ തുറക്കുന്നതിനു തലേന്നാൾ ഞാൻ കുസുമനഗരത്തിലെത്തി. സ്ക്കൂൾ എവിടെയെന്നും മാനേജരുടെ വസതി എവിടെയെന്നും മററും അന്വേഷിച്ചു; മാനേജർ ഒരു സ്ത്രീയാണെന്നു കേട്ടപ്പോൾ എന്റെ ഉത്സാഹത്തിനൊരു മന്ദത ഭവിച്ചു. ഏതായാലും അന്വേഷിച്ചറിഞ്ഞു പിടിച്ചു മാനേജരുടെ വീട്ടിൽ ചെന്നു. ആ വീടു വലിയൊരു 'കുബേര'ന്റെതാണെന്നു ആരും പറയാതെതന്നെ മനസ്സിലാക്കാമായിരുന്നു. കാഴ്ചയ്ക്കു കമനീയങ്ങളായ പല വലിയ കെട്ടിടങ്ങളും അവിടെ സ്ഥിതിചെയ്തിരുന്നു. വീട്ടിന്റെ പണി കണ്ടു ഞാൻ വളരെ ആശ്ചൎയ്യപ്പെട്ടു. ഉമ്മറത്താരെയും കാണാതിരുന്നതിനാൽ ഞാൻ മുററത്തു വെറുതെ കുറെനേരം നിന്നു. ഒടുവിൽ ഒരു ഭൃത്യനെ കണ്ടുമുട്ടി. 'സ്ക്കൂൾമാനേജർ ഇവിടെ ഉണ്ടോ?' എന്നു

ചോദിച്ചതിനു 'ഉണ്ട്' എന്നുമാത്രം മറുപടി പറഞ്ഞു ഭൃത്യൻ അവകത്തേക്കുതന്നെ പോയി. ഞാൻ പിന്നെയും ഉഴന്ന നിലയിൽ അവിടത്തന്നെ നിന്നു. എന്തെന്നില്ലാതെ എന്റെ മനസ്സുകിടന്നു പിടച്ചിരുന്നു. 'ഭാവസ്ഥിര'മായ എന്തോ ഒരു ബന്ധവിശേഷംഎന്നെ ആകർഷിച്ചിരുന്നു. കുറെ കഴിഞ്ഞപ്പോൾ, മറെറാരു ഭൃത്യൻ എന്റെ അടുത്തുവന്ന് 'അകത്തേ'യ്ക്കു വരാൻ പറഞ്ഞു എന്നുപറഞ്ഞിട്ടെന്നെ കൂട്ടിക്കൊണ്ടുപോയി. ഞാൻ ചെന്നത് അകത്ത് വിശാലമായ ഒരു തളത്തിലേക്കാണ്. അവിടെ രണ്ടുമൂന്നു വലിയ മേശകളും പല കസേരകളും കിടന്നിരുന്നു. ഭൃത്യൻ, എന്നെ ഒരു കസേരയിൽ ഇരുത്തി വന്ന വിവരം പറയുവാൻ പോയി. ഒരു പത്തുമിനിട്ടു കഴിഞ്ഞപ്പോൾ ഒരററത്തുള്ള മുറിയിൽനിന്നു ഒരു മാന്യസ്ത്രീ തളത്തിലേക്കു വന്നു. ആ സ്ത്രീയുടെ വേഷം ആഡംബരരഹിതമാണെങ്കിലും ഉജ്ജ്വലമായിരുന്നു. ഒരു നോക്കിനു എനിക്കു ഒരു പരിചയംതോന്നി. സൂക്ഷിച്ചൊന്നു കൂടി അവരുടെ മുഖത്തേക്കു നോക്കി. ഉണ്ടകൊണ്ട പന്നിയെപ്പോലെ എന്റെ ദൃഷ്ടികൾ വിരണ്ടവിടെ നിന്നു ഓടി. ഹൃദയം ഒന്നു മേല്പോട്ടും കീഴ്പോട്ടും ചാഞ്ചാടി. ശരീരമാസകലം വിയർത്തു. എന്റെ ഏതാദൃശമായ ഭാവഭേദത്തിനു കാരണമായ ആ സ്ത്രീ ആരാണെന്നു മനസ്സിലാകാത്തവരാരെങ്കിലും ഉണ്ടെങ്കിൽ 'അവൾ വസന്തസേനയാണെന്നു' അവരോടിതാ പറഞ്ഞുകൊള്ളുന്നു. എന്റെ പരിഭ്രമവും ശങ്കയുംകണ്ടു ആ സ്ത്രീയും ഒന്നുപകച്ചു. പ്രസാദസുഭഗമായ അവളുടെ സുമുഖത്തിലേക്കു പിന്നെ ചെല്ലുന്നതിനു എന്റെ കണ്ണിനു ധൈര്യം ഉണ്ടായില്ല. ഒരു ന്യായാധിപതിയുടെ [illegible]ന്നിൽ നില്ക്കുന്ന കുററക്കാരന്റെയും, ഗുരുവിന്റെ മുമ്പിൽ അക[illegible]പ്പെട്ട അപരാധിയായ ബാലശിഷ്യന്റെയും അവസ്ഥ ഏതോ അതുതന്നെയായിരുന്നു എന്റേയും അപ്പോഴത്തെ അവസ്ഥ. കുറച്ചു നേരത്തേക്കു ആരും ഒരക്ഷരവും ഉരിയാടിയില്ല. ഒടുവിൽ വസന്തസേനതന്നെ സംസാരിക്കുവാനാരംഭിച്ചു. ചോദിക്കുന്ന ചോദ്യങ്ങൾക്കു ഉത്തരംപറയുന്നതിൽ നന്നേകുറച്ചുവാക്കുകൾമാത്രമെ എനിക്കു ചെലവിടുവാൻ ഉണ്ടായുള്ളു. എന്റെ ഹർജിയെപ്പററിയും [illegible]വും ചിലതുപറഞ്ഞു 'നിങ്ങളാവുകകൊണ്ടു' എന്നു ഹർജിയുടെ [illegible]ടിയിൽ എഴുതിയിരുന്നതിന്റെ അർത്ഥം എനിക്കു നല്ലപോലെ മനസ്സിലായി. പൂർവ്വചരിത്രങ്ങൾവല്ലതും പരാമർശിച്ചേക്കുമോ [illegible]ഭയം എനിക്കു സാമാന്യത്തിലധികമുണ്ടായിരുന്നു. വല്ലവി[illegible]ലും വസന്തസേനയുടെ മുന്നിൽനിന്നു അകന്നാൽ മതിയെ[illegible]യി. "ഡോക്ടർ ഇവിടെയില്ലേ? നിങ്ങൾഎല്ലാം എന്നാണു [illegible]ങ്ങോട്ടു

...?"എന്നു ഞാൻ ചോദിച്ചു. ഡാക്ടർ തല്ക്കാലം അ...ടയില്ലെന്നും നാഗമംഗലത്തേക്കു പോയിരിക്കുകയാണെന്നും മാ...മെ മറുപടിയുണ്ടായതുള്ളൂ. പിന്നേ, പത്മപുരത്തിൽനിന്നുപോ...ൻ കാരണമെന്തെന്നായി അവളുടെചോദ്യം. ഈശ്വര! ആ ചോദ്യം വല്ലാത്ത ഒന്നാണ്, അതിനെങ്ങിനെ അവളോടു സമാധാനം പറയും? എന്റെമുഖം വല്ലാതെ വിവർണ്ണമായി. അകവും പുറവും ഒരുപോലെ മുളകിട്ടു പുകയ്ക്കുന്നതുപോലെതോന്നി. ഞാനൊരക്ഷരവും മിണ്ടാതെ തലതാഴ്ത്തിയിരുന്നു. 'ജന്മാന്തരം'കൊണ്ടു അവൾ ആ ചോദ്യം പിന്നെ ആവർത്തിച്ചില്ല. പിന്നീടു സ്ക്കൂൾകാര്യങ്ങളെപ്പററിയായിരുന്നു സംസാരിച്ചത്. വസന്തസേന ഭർത്താവായ മധുസൂദനമൂർത്തിയോടുകൂടി നാലഞ്ചുകൊല്ലമായി കുസുമനഗരത്തിൽ താമസിച്ചുവരുന്നു എന്നും പാഠശാലയുടെ പ്രവർത്തകത്വത്തിൽ ആദ്യമുണ്ടായിരുന്ന ഭാഗഭാക്ത്വം ഒടുവിൽ മുഴുവൻ ചുമതലയിൽ കലാശിച്ചുവെന്നും മററുമുള്ള സംഗതികൾ ആയിരുന്നു ആ സംസാരത്തിലെ വിഷയം. ഞാനും എന്റെ ചില വർത്തമാനങ്ങളെല്ലാം വസന്തസേനയോടു പറഞ്ഞു. അവൾ എന്നെ അത്യൌദാര്യത്തോടെ സൽക്കരിച്ചു. എങ്കിലും അവളുടെ സൽക്കാരം അനുഭവിക്കുന്നതു പോയിട്ടു അവിടെ വരേണ്ടിയിരുന്നില്ലെന്നുതന്നെ തോന്നി. എന്തുചെയ്യും? ദൈവമല്ലെ ആള്? അവിടുത്തെ ഇച്ഛയെ ആർക്കു തടുക്കാൻ സാധിക്കും? സ്ക്കൂളിൽവന്നു കണ്ടുകൊള്ളാമെന്നു പറഞ്ഞിട്ടു അന്നത്തെ കൂടിക്കാഴ്ച അവസാനിപ്പിച്ചു ഞാൻ അവിടെ നിന്നു പോന്നു. പിറേറന്നാളു ഡാക്ടരും എത്തി. അദ്ദേഹം എന്നെ ഏതെല്ലാം വിധത്തിൽ ആദരിച്ചുവെന്നു പറയുവാൻ പ്രയാസം. ഞാൻ സ്ക്കൂളിൽ അദ്ധ്യാപകനായിച്ചേർന്നു.

* * * * *

ഇപ്പോഴും ഞാനവിടെ ഒരദ്ധ്യാപകനാണ്. ഒരുകാലത്തു് എന്റെ അധികാരത്തിൻകീഴിൽ എന്റെ ശാസനയ്ക്കു കീഴടങ്ങി എന്റെ പ്രീതിയെ പ്രതീക്ഷിച്ചു എന്നെ ആദരിച്ചിരുന്നവളുടെ കീഴിൽ ഞാൻ അവളുടെ പ്രീതിയെ ലാക്കാക്കി അവളുടെ കല്പനകളെ ആദരിച്ചു ഇതാ ഇങ്ങിനെ കഴിഞ്ഞുകൂടുന്നു. കാൽ കാശിനുപോ... മുതലില്ലാതെ ഉററവരും ഉടയവരുമില്ലാതെ അന്യന്റെവീട്ടിൽ ...എന്റെ കഠിന ശാസനകൾക്കൊത്തുങ്ങി അരിഷ്ടിച്ചു കഴിച്ചുകൂട്ടി...കാലത്തു് യാതൊരു ഭാവഭേദമോ വസന്തസേനയ്ക്കുണ്ടായിരുന്നതു്, അ... ഭാവംതന്നെയാണ്, പരമവിദ്വാനും, സർവ്വമാന്യനും, ല...ക്ഷപ്ര...വും, ഉയർന്ന ഉദ്യോഗസ്ഥനുമായ ഒരു മഹാപുരുഷന്റെ പ്രാണേശ്വരിയായി, അസംഖ്യം ദ്രവ്യത്തിന്റെ ഏകാധിനാഥയായി

സകലസുഖങ്ങൾക്കും കേന്ദ്രമായിത്തീന്ന കാലത്തും അവ ണപ്പെട്ടതു്. സമമായും വിഷമമായും ഉള്ള നിയതിഗതിയുടെ വിലക്ഷണത നോക്കുക.

സി. ശങ്കുണ്ണിനായർ വിദ്വാൻ.

---

# ശ്രീമതി താപീട്ടായി ഹാർഡിക്കർ

## എം. ഏ; ബി. എസ്. സി.

സ്ത്രീവിദ്യാഭ്യാസവിഷയത്തിൽ മലബാർ, വിശേഷിച്ചും തിരുവിതാംകൂർ, ഭാരതഖണ്ഡത്തിലെ ഇതരപ്രദേശങ്ങളെ അപേക്ഷിച്ചു് സർവ്വോന്നതിയെപ്രാപിച്ച ഒന്നായാണല്ലോ മലയാളത്തുകാരും മററു പൊതുജനങ്ങളും അഭിമാനിച്ചുവരുന്നതു്. "ന്യൂറക്കു്ന്യൂറു"കാരുടെ വാഷികവിവരണങ്ങൾ പരിശോധിച്ചുനോക്കിയാൽ പ്രാഥമികശിക്ഷ ലഭിച്ച, പെൺകുട്ടികളുടെതുക ഇതരസംസ്ഥാനങ്ങളിൽ നിന്നും, ഏതാണ്ടു കൂടുതലാണെന്നു കടലാസ്സിൽ കാണാമെങ്കിലും, വ്യാവസായികമായോ, ശാസ്ത്രീയമായോ, സാഹിത്യസംബന്ധമായോ—തന്നെയുള്ള, ഉന്നതശിക്ഷ ലഭിച്ച സ്ത്രീകൾ ഇതരദേശങ്ങളെ അപേക്ഷിച്ചു് നമ്മുടെയിടയിൽ തുലോം കുറവാണെന്നു തന്നെ കാണാം. ആംഗലഭാഷാപഠനത്താൽ വിശ്വവിദ്യാലയബിരുദങ്ങൾ നേടിയിട്ടുള്ള മഹതികൾ കേവലം കയ്യുണക്കക്കൂട്ടാൻതന്നെയേ വരികയുള്ളൂ. മൂന്നോ നാലോ ബി. എ. ക്കാരും രണ്ടോ മൂന്നോ ബി. എ. എൽ. ററി. കളും അല്ലാതെ അതിൽ കൂടുതൽ ഉയന്നതരം ബിരുദങ്ങൾ നേടിയിട്ടുള്ള ഒററ സ്ത്രീയെപ്പോലും നമ്മുടെ നാട്ടിൽ കാണുകില്ലതന്നെ. ഇതിനുള്ള കാരണം എന്തു തന്നെയായിരുന്നാലും, "പൂനാ" മുതലായ പരിഷ്കൃതദേശങ്ങളിലെപ്പോലെ "അനാഥകലാലയം" വിധവാവിദ്യാഭ്യാസമന്ദിരം, ലലനാലളിതകലാലയം—മുതലായ പരിഷ്കൃതസ്ഥാപനങ്ങൾ ഏപ്പെടുത്തി കുമാരികളുടേയും അതുപോലെതന്നെ പ്രായംചെന്ന സ്ത്രീകളുടെയും പഠനവിഷയങ്ങളിൽ വേണ്ട ഏർപ്പാടുകൾ ചെയ്യാത്തതു വലിയൊരു ന്യൂനതതന്നെയാണ്. വിദ്യാഭ്യാസം ലഭിച്ച ഏതാനും ചില സ്ത്രീകൾ ഉണ്ടെന്നു കരുതി സ്ത്രീവിദ്യാഭ്യാസം സർവ്വോന്നതമായി ആയി എന്നു കരുതുന്നതു് വെറും ഭോഷത്തമാണ്. വ്യാവസായികമായും ശാസ്ത്രീയമായുമുള്ള ഉന്നതശിക്ഷ, നമ്മുടെ സഹോദരീസഹോ

...ൽ പ്രചുരപ്രചാരത്തിലായെങ്കിൽ മാത്രമേ നമ്മുടെ രാജ്യം ...ന്നത്യത്തെ പ്രാപിക്കയുള്ളൂ.

എന്തു കഷ്ടതകളും സഹിച്ചും മേലോട്ടു പോകുന്നതിനാണു് ഇതരഭാരതീയസഹോദരികൾ നോക്കേണ്ടതെന്നുള്ളതിലേക്കു് നമ്മുടെ കഥാനായികയുടെ ജീവിതകഥ വായനക്കാൎക്കു ഒരുത്തമദൃഷ്ടാന്തമായിരിക്കുന്നതാണു്. ആംഗ്ലേയപത്രങ്ങൾ പതിവായി വായിച്ചുവരുന്നവരിൽ പലൎക്കും കഴിഞ്ഞ ൧൮൯൩-മാൎച്ചുമാസത്തിൽ ബോംബേ വിശ്വവിദ്യാലയത്തിൽനിന്നും എം. ഏ; യും ബി. എസ്. സി; യും പരീക്ഷകൾക്കു ഒരുമിച്ചു ചേൎന്നു പ്രശസ്തിപൂൎവ്വം വിജയംനേടി കേവലം ആംഗ്ലേയവനിതകൾക്കു മാത്രം ലഭിച്ചുവന്ന ഒരുയൎന്ന സൎക്കാർപണിയിൽ പ്രവേശിച്ചിരിക്കുന്ന ശ്രീമതി താപീബായി പരിചിതയായിരിക്കുമെങ്കിലും—'ശാരദ'വായനക്കാരായ പല മാന്യസഹോദരികൾക്കും ഈ മഹതിയുടെ ജീവിതകഥ രസകരമായിരിക്കുമെന്നു വിശ്വസിക്കുന്നു.

"ഉൽക്കൎഷായാപിഭൂതാനാം സംഭവന്തിവിപത്തയഃ"—ഭാവിനന്മയ്ക്കുവേണ്ടിയും ചിലപ്പോൾ ജീവികൾക്കു അടിക്കടി ആപത്തുകൾ ഉണ്ടായേക്കാം എന്നുള്ളതിലേക്കു് ശ്രീമതി താപീബായിയുടെ ജീവിതം ഒരു ഒന്നാംതരം സാധനപാഠമാണു്. ഇംഗ്ലീഷുവൎഷം ൧൮൭൮-ൽ ബോംബേയിൽ കോലാപ്പൂർ സംസ്ഥാനത്തിലുൾപ്പെട്ട "കാഗൽ" എന്ന പ്രദേശത്തു് ഉത്തമമെങ്കിലും ദരിദ്രമായ ഒരു ബ്രാഹ്മണകുലത്തിലാണു് താപീബായി ജന്മഗ്രഹണം ചെയ്തതു്. അവളുടെ അച്ഛനമ്മമാരുടെ പേർ വിനായകറാവു് എന്നും യമുനാബായി എന്നും ആയിരുന്നു. വിനായകറാവുവിൻെറ ഗൃഹസ്ഥിതി അത്യന്തശോചനീയമായ ഒന്നായിരുന്നുവെങ്കിലും അദ്ദേഹത്തിൻെറ സഹധൎമ്മിണിയായ ശ്രീമതി യമുനാബായിയുടെ സാമൎത്ഥ്യത്താൽ നിത്യനിദാനം വലിയ അലച്ചിൽ കൂടാതെ നടന്നുപോന്നു എന്നുതന്നെ പറയാം. നമ്മുടെ നായികയുടെ ജനനത്തിനു മുമ്പുതന്നെ ഈ ദമ്പതികൾക്കു മൂന്നു ആൺകുട്ടികളും രണ്ടു പെൺകുട്ടികളുംകൂടി ഉണ്ടായിരുന്നുവെന്നു പറഞ്ഞാൽ താപീബായി എല്ലാത്തിലും ഇളയതാണെന്നു മനസ്സിലാക്കാമല്ലോ. ഒന്നാമതു് ഗൃഹസ്ഥിതി തന്നെ മോശം; അതിൽക്കൂടി കുട്ടികളും ധാരാളമുണ്ടെങ്കിൽ പിന്നത്തെ ദാരിദ്ര്യത്തിൻെറ കഥ ഊഹ്യമാണല്ലോ.

...താപീബായിക്കു് കേവലം ൧൧-മാസം, പ്രായമായപ്പോഴേയ്ക്കും അവളുടെ പ്രിയമാതാവു് അവരോടെന്നല്ല സമസ്തലോകത്തോടുംതന്

ന്നെ അവസാനയാത്ര പറഞ്ഞു പിരിഞ്ഞു. ഈ ഘട്ടത്തിൽ അവളുടെ രണ്ടു സഹോദരിമാരും ഭർത്തൃഗൃഹത്തിൽ താമസമാകയും സഹോദരന്മാരിൽ രണ്ടുപേർ കോലാപ്പൂരിലും ഇളയസഹോദരൻ 'കാഗൽ' ഗ്രാമപാഠശാലയിലും വായിച്ചുവരികയുമായിരുന്നു. ഹാ! ഹാ! എന്തൊരു സന്താപാവസ്ഥയാണു നമ്മുടെ താപീഭായിക്കു സംഭവിച്ചതു്. പാവപ്പെട്ട വിനായകറാവുവിന്റെ തലയിൽ എന്തൊരു വജ്രാപാതമാണുണ്ടായതു്! ഗൃഹമോ ദാരിദ്ര്യസങ്കേതം. അതിൽക്കൂടി മുലകുടി മാറാത്ത ഒരു കുട്ടിയേയും ഉപേക്ഷിച്ചു് തന്റെ സർവ്വസ്വവുമായിരുന്ന ധർമ്മപത്നിയും ലോകം വെടിഞ്ഞു. എല്ലാംകൂടി വിനായകറാവുവിനെ വിഭ്രാന്തചിത്തനാക്കിത്തീർത്തു. വീട്ടിൽ പ്രായംചെന്ന ഒരു കുടുംബാംഗവുമില്ലതാനും. അവസാനത്തിൽ അയാളുടെ മൂത്തപുത്രൻകൂടി ഏറെമാസക്കാലത്തേയ്ക്കു വീട്ടിൽ താമസിച്ചു താപീഭായിയുടെ ലാളനാപാലനങ്ങൾ നടത്തിവന്നു. അനന്തരം അവരിടെ മാതാമഹികൂടി അവിടെ വന്നു താമസിക്കയാൽ താപീഭായിയുടെ ബാല്യകാലം അരിഷ്ടിച്ചെങ്കിലും, അധികം സങ്കടങ്ങൾക്കിടയാകാതെ, നയിച്ചുവെന്നുതന്നെ പറയാം.

താപീഭായിക്കു ൭-വയസ്സു പ്രായമായപ്പോഴേയ്ക്കും അവളുടെ പിതാവു, അവളെ അവിടത്തെ ഗ്രാമപാഠശാലയിൽ അയച്ചു വിദ്യാഭ്യാസം ചെയ്യിക്കാൻ ആരംഭിച്ചു. എന്തെല്ലാം കഷ്ടങ്ങളും സങ്കടങ്ങളും ഉണ്ടായിട്ടും, പെൺകുട്ടികളെപ്പോലും വിദ്യാഭ്യാസത്തിൽനിന്നും വഞ്ചിക്കാതിരുന്ന വിനായകറാവുവിന്റെ പരിഷ്കൃതമാനസം നമ്മുടെയിടയിലെ ചില "കുടുമ്പുപിടിച്ച" കാരണവന്മാർക്കു ഒരുദാഹരണമായിരിക്കട്ടെ. താപീഭായിയുടെ മാതാമഹി വൃദ്ധ-വയസ്സു പ്രായംചെന്ന ഒരതിവൃദ്ധയായിരുന്നതിനാൽ ഗൃഹഭരണകാര്യങ്ങളിൽ യഥാശക്തി അവരെ സഹായിക്കേണ്ട ഭാരവും ശിശു,താപിയിൽ ഉണ്ടായിരുന്നു. പക്ഷേ പ്രായംചെന്നു ഒരംവിധമുള്ള ഉയർന്ന ബിരുദങ്ങളെല്ലാംനേടി സർക്കാർപണിയിൽ പ്രവേശിച്ചാൽ പിന്നെ വീട്ടുജോലി, പഠിക്ക, അത്ര എളുപ്പമല്ലെന്നു കരുതിയായിരിക്കുമോ വിചക്ഷണനായ വിധാതാവു, താപീഭായിയുടെ മൃദുലഹൃദയത്തെ ആദ്യമേതന്നെ വീട്ടുവേലയിൽ പരിചയിപ്പിച്ചതു.

കാഗലിലെ ഗ്രാമപാഠശാലയിൽ ദേശീയഭാഷാപ്രാഥമികശിക്ഷണം മാത്രമെ നൽകിവന്നിരുന്നുള്ളു. അതുകൊണ്ടു താപീഭായിക്കു നാലുകൊല്ലത്തെ പഠനശേഷം, പാഠാലയം വിടേണ്ടിവന്നു. ഓ! പ്രാഥമികശിക്ഷണമെങ്കിലും ലഭിച്ചല്ലൊ; അതുമതി, ഇനി ഏതെങ്കിലും അനുരൂപനായ ഒരു വരനെ ഏല്പിച്ചാൽ തന്റെ ഭാര

ഏതാനെന്താണുങ്ങി എന്നായിരുന്നു വിനായക റാവുവിൻെറ വിചാരം.

ഹാ!ഹാ! തൻെറ അവസാനശിശുവിനെ കല്യാണംപോലും കഴിച്ചുകൊടുക്കാതെയാണൊ വിനായകറാവു അവളോടു ലോകയാത്ര പറഞ്ഞുപിരിയാൻ ഭാവിക്കുന്നതു്? ജീവിതം എല്ലായ്പോഴും ഇങ്ങനെ സന്താപമിശ്രമായിരുന്നാൽ മനുഷ്യർ സുഖമെന്നതു അറിയുന്നതെങ്ങിനെയാണു്. താപീഭായിക്കു കേവലം ൧൨-വയസ്സുമാത്രം പ്രായം. ലോകഗതി എന്തെന്നറിയാൻതന്നെ അവൾ ശക്തയായി തീർന്നിട്ടില്ല. ഇതിനിടയിൽ—ക്രിസ്താബ്ദം ൧൯൦൭-ൽ അവളുടെ പ്രിയപിതാവും നിയതിഗതിയ്ക്കു വശംവദനായിപ്പോയി. പാവപ്പെട്ട താപിയ്ക്കു് ഇനി ആരാണൊരാശ്രയം?

ഇക്കാലത്തു അവളുടെ മൂത്തസഹോദരൻ ശ്രീമാൻ സിലജണറാവു്. ബി. ഏ. പാസ്സായി സ്വദേശത്തുതന്നെ ജോലിയിൽ പ്രവേശിക്കയും അടുത്ത സഹോദരൻ ശ്രീമാൻ ശിവരാമപന്തു്, ഫെർഗൂസൻ കാളേജിൽ അധ്യാപകവൃത്തിയിലും ഇളയസഹോദരൻ ശ്രീമാൻ ശ്രീധരപന്തു് കാളേജിൽതന്നെ അധ്യേതൃവൃത്തിയിലും ഇരിക്കയും ആയിരുന്നു. ഇവർ താപീഭായി ൧൨-വയസ്സുതികഞ്ഞു ൧൩-ൽ പ്രവേശിച്ച ൧൯൦൮-ൽ അവളെ ബൊംബെയിലെ ഒരു ആപ്പീസിൽ ഗുമസ്താപ്പണി നോക്കിവന്ന ശ്രീമാൻ നാരായണറാവു് ഹാർഡിക്കർ എന്ന ഒരു യുവാവിനു വിവാഹംകഴിച്ചുകൊടുത്തു. അങ്ങിനെ നമ്മുടെ താപീഭായി ജീവിതയാത്രയിലെ പ്രധാനവിശ്രമസ്ഥലമായ, ജിവിതനാടകത്തിലെ മനോഹരരംഗമായ, വിവാഹബന്ധത്തിലും പ്രവേശിച്ചുകഴിഞ്ഞു. ഹാർഡിക്കർ കുടുംബത്തിലെ ഒരംഗവുമായി. ഹാ!ഹാ! ജീവിതം സന്തോഷസന്താപങ്ങളുടെ, ഹാസരോദനങ്ങളുടെ, ഒരു 'ചേരുവ'യാണെന്നു ഒരുപാശ്ചാത്യകവി വർണ്ണിച്ചിട്ടുള്ളതു് എത്ര പരമാൎത്ഥം. പിതൃമരണത്താൽ വ്യാകുലയായിരുന്ന "താപീഭായി" അനുരൂപവരലബ്ധിയാൽ എത്ര സന്തുഷ്ടയായിരിക്കണം. ഈ സന്തോഷം ചിരസ്ഥായിയായ ഒന്നാണെന്നു വിചാരിച്ചിരിക്കുമോ? ദാമ്പത്യസുഖം എന്താണെന്നുതന്നെ ഈ നവോഢയായ യുവതിയ്ക്കു അറിയാൻ ഇടവന്നിരിക്കുമോ? എന്തോ അതിനിടയിൽ പൂനയിൽ "പ്ലേഗ്" ആരംഭിക്കയും താപിയുടെ വിവാഹംകഴിഞ്ഞു എട്ടുമാസകാലംപോലും പൂൎത്തിയാകുന്നതിനു മുമ്പു നിഷ്ഠുരനായ അന്തകൻ അവളുടെ ഹൃദയവല്ലഭനെ അവളിൽനിന്നു എന്നെന്നേയ്ക്കുമായി വേർപെടുത്തുകയും ചെയ്തു.

ഹാ! കഷ്ടം നമ്മുടെ താപീഭായി ഇതിനുമാത്രം എന്തൊരു

പാപമാണു് ചെയ്തിട്ടുള്ളതു്? ബാല്യത്തിലെ അമ്മമരിച്ചു അറിവു വെന്നപ്പോഴേയ്ക്കും അച്ഛനും മരിച്ചു. അവസാനമായി തന്റെ ജീവിതയാത്രയിലെ ഏകമാത്രസഹായനായിരുന്ന ഭർത്താവും മരിച്ചു. ഇനി അവൾക്കു ലോകത്തിൽ ആരാണൊരാധാരം? ഹിന്ദുസ്ത്രീകൾക്കു് വിശേഷിച്ചും ബ്രാഹ്മണയുവതികൾക്കു് ശൈശവവൈധവ്യത്തിലും വലുതായ ഒരാപത്തു എന്തുതന്നെയാണുള്ളതു്!! ഹാ നിഷ്ഠുരവിധേ! അങ്ങു ഒരു സാധുയുവതിയെ വഴിയാധാരമാക്കയൊണൊ ചെയ്തതു്?

സ്വകുടുംബംപോലെ തന്നെ താപിയുടെ ഭർത്തൃകുടുംബവും അത്ര ധനസമൃദ്ധമായ ഒന്നായിരുന്നില്ല. വിശേഷിച്ചും വിവാഹാനന്തരം ഒരുകൊല്ലക്കാലംപോലും ഭർത്തൃഗൃഹത്തിൽ കഴിച്ചുകൂട്ടാൻ ഇടയോ ഭാഗ്യമോ ലഭിക്കാത്ത അവളെ അവിടത്തന്നെ അവകാശം പറഞ്ഞു താമസിപ്പിക്കുന്നതു നീതിയും യുക്തവുമല്ലെന്നു തന്നെ അവളുടെ സഹോദരന്മാർ തീർച്ചപ്പെടുത്തുകയും ചെയ്തു. ചുരുക്കിപ്പറയുന്നതായാൽ ബാലവിധവയായ താപി വീണ്ടും തന്റെ സഹോദരനോടൊന്നിച്ചു പിതൃകുടുംബത്തിൽതന്നെ താമസമാക്കി.

ഭർത്തൃവിയോഗത്താൽ ഉണ്ടായ അസഹനീയമായ ചൂടാറുന്നതിനു തന്നെ താപിയുടെ മൃദുലഹൃദയത്തിനു് ആറുമാസക്കാലം വേണ്ടിവന്നു. അനന്തരം അവളെ തന്റെ മൂത്ത സഹോദരൻ വീട്ടിൽവെച്ചുതന്നെ ഇംഗ്ലീഷ് പഠിപ്പിക്കാൻ ആരംഭിച്ചു. അയാളുടെ കൃത്യാന്തരബാഹുല്യംനിമിത്തം താപിയുടെ പഠിത്തം ശരിയായ രീതിയിൽ നടന്നുവന്നില്ല. ഒടുവിൽ അവളുടെ അധ്യാപകസഹോദരനായ ശിവരാമപന്തിന്റെ അഭിപ്രായത്തിൽ അവളെ പൂനയിൽ "ഹിംഗണെ"യിലുള്ള, പ്രൊഫസ്സർ കാർവ്വേയുടെ വിധവാവിദ്യാലയത്തിൽ അയച്ചാൽ കൊള്ളാമെന്നു ആലോചനയായി. അക്കാലത്തു അവിടെ അനവധി ബാലവിധവകൾ ധർമ്മമായി താമസിച്ചു പഠിച്ചുവരുന്നുണ്ടായിരുന്നെങ്കിലും തന്റെ സഹോദരി സ്വയംപ്രാപ്തയാകുന്നതുവരെ വേണ്ട പണച്ചെലവു താൻ തന്നെ വഹിച്ചുകൊള്ളാമെന്നും അല്ലാതെ ധർമ്മമായി അവളെ അവിടെ താമസിപ്പിക്കുന്നതു തന്റെ സ്ഥിതിക്കു അടുത്തതല്ലെന്നും ആണു അയാൾ തീർച്ചപ്പെടുത്തിയതു. ഈ സംശയനിശ്ചയങ്ങളെക്കൊണ്ടുതന്നെ കൊല്ലം ഒന്നുകഴിഞ്ഞു. ഇക്കാലത്തിനിടയിൽ ശിവരാമപന്തു് സാവകാശം ലഭിക്കുമ്പോഴൊക്കെ സഹോദരിയെ ഇംഗ്ലീഷു പഠിപ്പിച്ചും വന്നിരുന്നു.

എന്തിനേറെ? ഇംഗ്ലീഷ് വർഷം ൧൯൦൪-മേ മാസാവസാനത്തോടുകൂടി ശ്രീമതി താപീബായി വിധവാവിദ്യാലയത്തിലെ ഒരു

വിദ്യാൎത്ഥിനിയായിത്തീൎന്നു. വീട്ടിൽവച്ചുണ്ടായിരുന്ന പഠിത്തം അവളെ അവിടത്തെ രണ്ടാംഫാറക്ലാസിൽ ചേരത്തക്കവണ്ണം യോഗ്യയാക്കിത്തീൎത്തിരുന്നു. പാഠശാലയത്തിൽ ചേൎന്ന അധികം കഴിയുന്നതിനുമുമ്പേതന്നെ ശ്രീമതി താപീഭായി അവളുടെ കുശാഗ്രബുദ്ധി, വിനയശീലം, കോമളസ്വഭാവം, മിതസംഭാഷണം മുതലായ സൽഗുണധോരണികളാൽ ഗുരുക്കന്മാരുടേയും അതുപോലെതന്നെ വിദ്യാസദനാധികാരികളുടേയും പ്രേമഭാജനമായിത്തീൎന്നു. അവിടെ ഉയൎന്നതരം വിദ്യാഭ്യാസത്തിനുകൂടിയും, 'മാദ്ധ്യസ്ഥ'മായി ഉപയോഗിച്ചുവന്നതു സ്വഭാഷയായ മറാട്ടിയായിരുന്നതിനാൽ ആദ്യകാലങ്ങളിൽ അതു താപീഭായിക്കു വലിയൊരനുഗ്രഹമായി തോന്നിയിരുന്നു. അങ്ങിനെയിരിക്കെ ൧൮൭൫-ൽ ഗവൎമ്മേൎന്റിൽനിന്നും അവളുടെ അദ്ധ്യാപകസഹോദരൻ ശ്രീമാൻ ശിവരാമപന്തിനെ എന്തോ വിശേഷവിദ്യാഭ്യാസാൎത്ഥം രണ്ടുമൂന്നു കൊല്ലക്കാലത്തേക്കു ഇംഗ്ലണ്ടിലയച്ചു. പക്ഷേ ആ ഘട്ടത്തിൽ അവളുടെ ഇളയ സഹോദരൻ ശ്രീധരപന്തു് കാളേജ് വിദ്യാഭ്യാസം പൂൎത്തിയാക്കി ഔദ്യോഗികജീവിതത്തിൽ പ്രവേശിച്ചിരുന്നതിനാൽ വിദ്യാഭ്യാസവിഷയത്തിൽ അവൾക്കു വലിയ ബുദ്ധിമുട്ടൊന്നും നേരിടാൻ ഇടയായില്ല. സഹോദരൻ ഇംഗ്ലണ്ടിൽനിന്നും തിരിച്ചുവന്നപ്പോഴേയ്ക്കും താപീഭായി ൭-ാം ഫാറക്ലാസ്സിൽ വിജയം നേടിയിരുന്നു.

വിധവാമന്ദിരവും മററുമിരിക്കുന്ന 'ഹിംഗണാ' ഗ്രാമത്തിന്റെ പരിസരപ്രദേശങ്ങൾ കരിമ്പുകൃഷിത്തോട്ടങ്ങളാലും മററും ചുററപ്പെട്ടിരിക്കുന്നതിനാൽ അവിടത്തെ കാലാവസ്ഥ അത്ര നല്ലതല്ലെന്നാണറിയുന്നതു്. 'മലേറിയാ' (വിഷമജ്വരം) അവിടത്തെ ഒരു സാധാരണ വ്യാധിയാണു്. ഏതാനും നാളത്തെ ഇടവിടാതുള്ള താമസത്തിനാൽ ഈ വ്യാധിനമ്മുടെ താപീഭായിയേയും ബന്ധനത്തിലാക്കിയെന്നുതന്നെ പറയാം. ദഹനക്കേടു, അരുചി, ക്ഷീണം മുതലായവയാൽ അവൾ ദിനംപ്രതി പഠിത്തത്തിനെന്നുതന്നെയല്ല നിത്യകൎമ്മാനുഷ്ഠാനത്തിനുകൂടിയും അശക്തയായിത്തീൎന്നു. പ്രൊഫസ്സർ കാൎവ്വേയ്ക്കു താപീഭായിയ്, പുത്രീനിൎവ്വിശേഷമായ സ്നേഹം ഉണ്ടായിരുന്നു. അതുകൊണ്ടു അദ്ദേഹം തന്നെ പണിപ്പെട്ടു നോക്കിയിട്ടും താപിയുടെ ദിനം സുഖമാകുന്നില്ലെന്നു കണ്ടപ്പോൾ, ഒരു സ്ഥലംമാററം പക്ഷെ പഠിത്തത്തിനു വിഘ്നം വരുത്തിയാലും ദേഹത്തിനു ആരോഗ്യം വരുത്തിയേക്കുമെന്നു വിശ്വാസത്തിൽ അവളെ അവളുടെ കനിഷ്ഠസഹോദരനൊന്നിച്ചു ഏതാനും നാൾ 'സൂരററി'ൽ കൊണ്ടുപോയി താമസിപ്പിച്ചു. സൂരററിലെ സ്വച്ഛവും ആ

രോഗ്യപ്രദവുമായ കടൽക്കാററു ആറുമാസക്കാലത്തിന്നിടയിൽ അവളെ ഒരുവിധം ആരോഗ്യവതിയാക്കിത്തീൎത്തു. ആറുമാസം അങ്ങിനെ കഴിച്ചശേഷം വീണ്ടും അവൾ പൂനയിൽവന്നു വിധവാവിദ്യാലയത്തിൽ ചേരാതെ അവിടത്തെ 'New English School' നവീനാംഗലകലാലയം എന്ന പാഠാലയത്തിൽ ചേൎന്നു പഠിക്കയും തൻെറ അദ്ധ്യാപകഭ്രാതാവുമൊത്തു പട്ടണത്തിനു വെളിയിൽ താമസിക്കയും ചെയ്തു. ദിനംപ്രതി ശരിയായുള്ള വ്യായാമവും മൈതാനപ്രദേശത്തിലെ സ്വച്ഛവായുവും അവളെ പണ്ടത്തേപ്പോലെ സുഖശരീരിണിയാക്കിത്തീൎത്തു. ആറുമാസം ഉപേക്ഷിക്കേണ്ടിവന്നെങ്കിലും ഉത്സാഹപൂർവ്വമുള്ള പഠിത്തം ൧൯൦൯-ൽതന്നെ അവളെ മെട്രിക്കുലേഷൻ പരീക്ഷയിൽ സമ്മാനപൂർവ്വം വിജയിനിയാക്കി. മെട്രിക്കുലേഷൻ ഉയൎന്ന നിലയിൽ ജയിച്ചതുകൊണ്ടു ഭാവിപഠനത്തിനു ഒരു വിദ്യാൎത്ഥിവേതനവും കൂടി അവൾക്കു ലഭിച്ചു.

മെട്രിക്കുലേഷനു ശേഷമുള്ള അവളുടെ വിദ്യാഭ്യാസസ്ഥലം പല മഹാരാഷ്ട്രനേതാക്കന്മാരുടേയും "സരസ്വതീമന്ദിര"മായ 'ഫെർഗ്ഗുസൺ'കാളേജു തന്നെയായിരുന്നു. ഫെർഗ്ഗുസൺ കാളേജിൽ അക്കാലത്തു സ്ത്രീകളിൽനിന്നും ഫീസ്സുവാങ്ങി പഠിപ്പിക്കാറില്ല എങ്കിലും അവിടത്തെ ഒരദ്ധ്യാപകനായ ശിവരാമഫഡ്കെ അവിടെയുള്ള തൻെറ സഹോദരിയെ ധൎമ്മമായി പഠിപ്പിക്കാൻ അനുവദിച്ചില്ല. കാളേജിൽചേൎന്നു ൪ കൊല്ലംകഴിഞ്ഞു ൧൯൧൩-ൽതന്നെ ശ്രീമതി താപീഭായി ബി. ഏ. പരീക്ഷയ്ക്കു ചേരുകയും ശ്ലാഘ്യമായനിലയിൽ വിജയം നേടുകയുംചെയ്തു. ഇംഗ്ലീഷുപഠിക്കാൻ ആരംഭിച്ചതുമുതൽ ഒമ്പതുകൊല്ലംകൊണ്ടു ബി. ഏ. ബിരുദധാരിണിയാകേണമെങ്കിൽ കേവലം നിസ്സഹായയും, നിരവധി ദുർദ്ദശാഗ്രസ്തയുമായ ഒരു ബാലവിധവ എത്ര കുശാഗ്രബുദ്ധിയും അക്ഷീണോത്സാഹവും ഉള്ളവളായിരുന്നുള്ളതു ഊഹ്യമാണല്ലോ.

ബി. ഏ. പാസ്സായശേഷവും താപീഭായി പഠിത്തം ഉപേക്ഷിച്ചില്ല. ൧൯൧൪-ൽ ഇൻറർ ബി. എസ്. സി പരീക്ഷയെ തരണംചെയ്തു ൧൯൧൬-ാംവൎഷത്തിൽ ബി. എസ് സി സംബന്ധമായ അവസാനപരീക്ഷയ്ക്കും എം. ഏ. യ്ക്കും ഒരുമിച്ചു ചേരുകയും സ്തുത്യർഹമായ നിലയിൽ രണ്ടിലും വിജയംനേടി ബാംബേ വിശ്വവിദ്യാലയത്തിൽനിന്നും ഡിഗ്രി എടുക്കയും ആയാണ്ടിൽതന്നെ ഗവൎമ്മേൻറിൽനിന്നും അവളെ അവിടത്തെ ഒരു "ഫെല്ലോ" ആയി തിരഞ്ഞെടുക്കയുംചെയ്തു. ബാംബേ സർവ്വകലാശാലയിൽനിന്നും ഒ

രു ഭാരതീയവനിതയ്ക്കു് ഇദംപ്രഥമമായാണു് പ്രഫെസ്സർസ്ഥാനം ലഭിച്ചതെന്നു പറയുന്നതായാൽ എന്നോടൊപ്പംതന്നെ മാന്യവായനക്കാരും ഈ മഹതിയെ അനുമോദിക്കുമല്ലോ.

ബി. ഏ. യ്ക്കു് സൃഷ്ടിശാസ്ത്രവും രസതന്ത്രശാസ്ത്രവും എം.ഏ യ്ക്കു വനസ്പതി ശാസ്ത്രവുമാണു് ശ്രീമതി താപീഭായി ഐച്ഛികമായി എടുത്തിരുന്നതു്. ഇംഗ്ലീഷ്‌വിദ്യാഭ്യാസംകൊണ്ടു മനസ്സംസ്കാരം സിദ്ധിച്ചിരുന്നിട്ടും ചില സ്ത്രീകളിൽ കാണാവുന്ന അഹങ്കാരം അതിസ്വാതന്ത്ര്യം, അസൂയ മുതലായ യാതൊരു ദോഷങ്ങളും ശ്രീമതി താപീഭായിയെ സ്പർശിച്ചിട്ടുപോലുമില്ല. ഇംഗ്ലീഷുസ്ത്രീകളേപ്പോലെ നാടകശാലയിലും, പൂന്തോട്ടത്തിലും തനിയേ പോകുന്നതിനോ, പുരുഷന്മാരോടൊപ്പം ഞെളിഞ്ഞു നടക്കുന്നതിനോ താപീഭായി ഇഷ്ടപ്പെടുന്നില്ല. കൃത്യനിഷ്ഠ, അനഹങ്കാരം, സ്വസമുദായസ്നേഹം, ദീനാനുകമ്പ, മധുരഭാഷണം, വിനയം മുതലായവയ്ക്കു് ശ്രീമതി താപീഭായി ഒരു മാതൃകാസ്ത്രീരത്നമാണെന്നു അനുഭവംകൊണ്ടു എനിക്കു നല്ലപോലെ അറിയാവുന്നതാണു്. ഉയന്നതരം പരീക്ഷയിൽ ജയിച്ച തന്റെ ഇതരസഹോദരികളേപ്പോലെ വേഷത്തിലോ ഭാഷയിലോ നടപ്പിലോ സമ്പ്രദായത്തിലോ "മദാമ്മത്തം" അവലംബിക്കാതെ അനുകരണീയയായ ഒരു ആൎയ്യലലനയായിരിക്കാനാണു് താപീഭായി അധികം ഇഷ്ടപ്പെടുന്നതു്.

"ഒതുങ്ങിയ ജീവിതവും ചുരുങ്ങിയ ചെലവും താപീഭായിയ്ക്കു ജന്മസിദ്ധഗുണങ്ങളാണു്. പാവങ്ങളേയും അനാഥവിധവകളേയും കഴിയുന്നത്ര സഹായിക്കയും, അശിക്ഷിതകളായ തന്റെ സഹോദരികളെ ജ്ഞാനവതികളാക്കിത്തീക്കയും ചെയ്യുന്ന വിഷയത്തിൽ ഔദ്യോഗികജീവിതത്തിനിടയിലും താപീഭായി അളവററ പണിപ്പെടുന്നുണ്ടു്. ദാമ്പത്യസുഖം അനുഭവിച്ചറിയുന്നതിനുമുമ്പേതന്നെ വിധവയായി തീൎന്നിട്ടും സാധാരണ വിദ്യാഭ്യാസമേറിയ വനിതകൾ പോലും കാണിക്കാറുള്ള ചാപലതകളൊന്നും താപീഭായിയെ ബാധിച്ചിട്ടില്ലെന്നുള്ളതാണു് അവരെ സംബന്ധിച്ചിടത്തോളം ഏറെ ശ്ലാഘനീയമായ ഒരു സംഗതി.

ചുരുക്കിപ്പറയുന്നതായാൽ, താപീഭായിയുടെ നടത്ത അനന്യസാധാരണവും സ്വഭാവം അതിസരളവും വിനയമസൃണവും ആക്കും ഹിതകരമായിട്ടുള്ളതും ആകുന്നു. വിദ്യാഭ്യാസത്തിലും മനഃപരിഷ്കാരത്തിലും താപീഭായി പാശ്ചാത്യവനിതകൾക്കുപോലും ആദൎശവും ചാരിത്രത്തിലും സൽസ്വഭാവത്തിലും പ്രാചീനഭാരതീയലലനകളേപ്പോലും അതിശയിക്കുന്നവളും ആണു്.

ശ്രീമതി താപീഭായി ഉന്നതശിക്ഷണം ലഭിച്ച ഭാരതീയവനിതകൾക്കു ഉത്തമമാതൃകയാണെന്നു പറയുന്നതിൽ ലേശവും ആക്ഷേപത്തിനു വകയില്ലതന്നെ. അവരുടെ ആചാരത്തിലും വിചാരത്തിലും പ്രസംഗത്തിലും പ്രവൃത്തിയിലും സാധാരണത്വവും സാധുത്വവുമാണു് തിളങ്ങിക്കാണുന്നതു്.

ശ്രീമതി താപീഭായി ഇപ്പോൾ മദ്ധ്യസംസ്ഥാനിക വിദ്യാഭ്യാസവകുപ്പിൽ ഒരു "ഇൻസ്പെക്ട്രസ്സായിരിക്കയാണു്. താപീഭായിയുടെ മുമ്പുവരേയും ഈ പണി നോക്കിവന്നതു് യൂറോപ്യൻവനിതകളായിരുന്നു. ഏറെത്താമസിയാതെ ഇംഗ്ലണ്ടു്, അമേരിക്കാ, ജപ്പാൻ മുതലായ പരിഷ്കൃതദേശങ്ങളിൽ സഞ്ചരിച്ചു അവിടുത്തെ സ്ത്രീവിദ്യാഭ്യാസമാതൃകകളേയും സ്ത്രീവിദ്യാഭ്യാസസ്ഥാപനങ്ങളേയും കണ്ടുവരണമെന്നാണു് ഇവരുടെ അഭിപ്രായം. ദൈവേച്ഛയാൽ ഈ മഹതിയുടെ സർവ്വാഭീഷ്ടങ്ങളും സാധിച്ചു ഭാവിയിൽ ഭാരതീയലലനാമണികളുടെ വരിയേറ്റിൽ അവർ ഉത്തമസ്ഥാനം ലഭിക്കുമാറാകട്ടെ എന്ന പ്രാർത്ഥനയോടുകൂടി ഇതിനെ ഇവിടെ സമാപിപ്പിച്ചുകൊള്ളുന്നു.

മദ്ധ്യഇൻഡ്യ—പി. കെ. രാഘവൻനായർ.

---

## "മാതൃകാഭർത്താവു്."

കാലത്തിന്റെ ഗതിവിശേഷങ്ങളെപ്പററി ആലോചിച്ചാൽമനുഷ്യരുടെ മനസ്ഥിതിയും ആദർശങ്ങളും ക്രമേണ വ്യതിചലിച്ചുകൊണ്ടിരിക്കുന്നുഎന്നു ബോദ്ധ്യപ്പെടും. പുരുഷന്മാരെപ്പോലെതന്നെ സ്ത്രീകൾക്കും വിവാഹവിഷയത്തിൽ ഏതാണ്ടു സ്വാതന്ത്ര്യം അനുവദിച്ചുകൊടുക്കേണ്ടതാണെന്നു ഇന്നു സാമാന്യം എല്ലാവരും സമ്മതിക്കുന്നതാണല്ലോ. മനുസ്മൃതികളെ ഒക്കെ മറവും പൃഥക്കരിച്ചു സ്വാതന്ത്ര്യഭേരി മുഴക്കിക്കൊണ്ടിരിക്കുന്ന ഇക്കാലത്തിൽ ഭർത്താക്കന്മാരെ സ്വീകരിക്കുന്നകാര്യത്തിൽ സ്ത്രീകൾക്കു ധാരാളം ആലോചിക്കേണ്ട ആവശ്യവും അവകാശവും ഉണ്ടു്. അതിനാൽ പരിഷ്കൃതമതികളായ ചില പാശ്ചാത്യവനിതകൾ ഭർത്തൃസ്വീകരണത്തിൽ ശ്രദ്ധിക്കേണ്ട സംഗതികളെപ്പററി പ്രസ്താവിച്ചിട്ടുള്ള അഭിപ്രായങ്ങൾ പ്രയോജനകരമായിരിക്കുമെന്നു പ്രത്യാശിക്കുന്നു.

ഒരു വലിയ വിമാനയാനപ്രസക്തയും ഇദംപ്രഥമമായി ഇംഗ്ലീഷ് ചാനൽവിമാനംവഴി സഞ്ചരിച്ച ധൈര്യവതിയും ആയ

ബഹുമാനപ്പെട്ട മിസ്സസ് അഷിററൻ ഹാർബോർഡ് (Mrs Asshetou Harboard) എന്ന സ്ത്രീപറയുന്നതിപ്രകാരമാണ്. "ഇനിയും ഉത്തമഭർത്താക്കന്മാർ ധാരാളമായി ജാതരായിട്ടില്ലാ എന്നു പറയുമ്പോൾ എന്റെ അഭിപ്രായത്തോടു വിപ്രതിപത്തിയുള്ളവർ ധാരാളം ഉണ്ടായിരിക്കാം. അപ്രകാരം വല്ലവരും ഉണ്ടെങ്കിൽതന്നെയും അവർ ജീവിതകാലം മുഴുവനും ഏകരീതിയിൽ കഴിക്കുമോ എന്നു സംശയമാണ്. ഇതുവരെയും ഭൂജാതരാകാത്ത ഒരു കൂട്ടരെപ്പററി അഭിപ്രായംപറയുന്നതു തീരെ യോജിച്ചതല്ലാത്തതിനാൽ ഉത്തമമായിട്ടുള്ളതു മൌനാവലംബനമാണെന്നു വിചാരിക്കുന്നു." ഒരു വലിയ ഗ്രന്ഥകർത്രിയായ മിസ്സ് ഡോറോതിയാ കണിയേഴ്സ് (Miss Derothea Conyers) എന്ന വനിതയുടെ അഭിപ്രായം ശ്രദ്ധേയമാണ്. "ഒരു ഭാര്യ യഥാർത്ഥമായി സ്നേഹിക്കുന്ന ആളും തന്റെ ജീവിതത്തിൽ മാർഗ്ഗദർശിയായി വർത്തിക്കാൻ യോഗ്യനുമായ പുരുഷനാണ മാതൃകയായ ഭർത്താവ്. ഒരു സ്ത്രീക്കു അവളുടെ ഭർത്താവിനെപ്പററി ബഹുമാനവും സ്നേഹവും ഒരിക്കൽ തോന്നുന്നു എങ്കിൽ അതു നിലനില്ക്കുന്നിടത്തോളംകാലം അവൾക്കു യാതൊരുവക ബുദ്ധിമുട്ടുകളും ഉണ്ടാകുന്നതല്ല. പരമാർത്ഥമായ സ്നേഹത്തെ എന്നും പുലർത്തിക്കൊണ്ടിരിക്കുന്നവനാണ് യഥാർത്ഥഭർത്താവ്."

ഒരു വലിയ ടെന്നിസ് കളിക്കാരന്റെ ഭാര്യയായ മിസ്സസ് ഹാലിയൂസ്റ്റേസ് മൈൽസി (Mrs Hallie Eustace Miles)ന്റെ അഭിപ്രായം എന്താണെന്നു നോക്കുക. "ഒരു സ്ത്രീക്കു മാതൃകാഭർത്താവിനെ ലഭിക്കുക മിക്കവാറും അസാദ്ധ്യമാകുന്നു. എന്തെന്നാൽ വിവാഹത്തിനു ശേഷമല്ലാതെ ഭർത്താവിന്റെ സ്വഭാവഗതികളെപ്പററി നമുക്കറിവാൻ സാധിക്കുന്നില്ല. ഭാര്യാഭർത്താക്കന്മാർ എല്ലായ്പോഴും യോജിച്ചു തങ്ങളുടെ സ്വഭാവത്തേയും പ്രവൃത്തികളേയും ഭവ്യമാക്കി ചെയ്യുന്നെങ്കിൽ മാത്രമെ ദാമ്പത്യജീവിതം സുഖമാകൂ. ഒരു ഭർത്താവിന്റെ സകല പ്രവൃത്തികളിലും, സാഹിത്യസംബന്ധമായാലും ശരി, ഭാര്യയ്ക്കു പങ്കുണ്ടായിരിക്കണം. സുഖദുഃഖങ്ങളിൽ ഒരുപോലെ ഭാഗഭാക്കുകളായിരുന്നാൽ മാത്രമെ ജീവിതം സന്തോഷപ്രദമായിരിക്കുകയുള്ളൂ.

മോട്ടോർ ഓടിക്കുന്നതിൽ പ്രസിദ്ധയായ മിസ്സ് ഡൊറൊത്തി ലെവിററ്(Miss Dorothy Levitt)ന്റെ അഭിപ്രായം താഴെ കാണുന്നപ്രകാരമാണ്." ഐഹികജീവിതത്തിൽ സുഖം ലഭിക്കുന്നതു സഹതാപംമൂലമാണ്. ഏതവസ്ഥയിലും ഏതുകാലത്തും തന്റെ ഭാര്യയോടു സഹതാപവും അനുഭാവവുമുള്ള ആളാണ് മാതൃ

കാഭൎത്താവ്. തങ്ങൾ തമ്മിൽ വിവാഹകാൎയ്യം നടത്തിയിട്ട വളരെക്കാലം ആയി എങ്കിലും ഇനിയും ഭൎത്താവിനു തന്നോട്ട സീമാതീതമായ അനുരാഗമുണ്ടെന്നുള്ള ബോധം ഭാൎയ്യയിൽ ഉളവാക്കണം. പണമാണ്' എല്ലാററിന്റെയും ദോഷബീജം. ചിലർ പണം മാതൃകാഭൎത്താവിന്റെ ലക്ഷണമായി കരുതുന്നതു തീരെ അബദ്ധമാകുന്നു.

ഒരു പ്രസിദ്ധഗ്രന്ഥകൎത്രിയായ മൌവെമിസ്സ് (Mwy wemyss) തന്റെ ഭൎത്താവിന്റെ സംഗതികളെപ്പററി തുറന്നു പ്രസ്താവിപ്പാൻ മടിയുള്ളവളാണെന്നു പറഞ്ഞിരിക്കുന്നു.

ഒരു സംഗീതവിദുഷിയും നടനവിദഗ്ദ്ധയുമായ ഫില്ലിസ് ഡെയറി (Phyllis Dare) ന്റെ അഭിപ്രായം എന്താണെന്നു നോക്കാം. "എനിക്കു ആദ്യമായി പറവാനുള്ളതു ഒരു മാതൃകാഭൎത്താവിനു സാമൎത്ഥ്യവും ബുദ്ധിശക്തിയും ഉണ്ടായിരിക്കണമെന്നാണ്. ഒരു മിടുക്കനായ ഭൎത്താവിനോടുകൂടി ചേൎന്നാൽ ഒരു ഭാൎയ്യയ്ക്കുണ്ടാകാവുന്ന സുഖം ഒട്ടും ചില്ലറയല്ല. അവൾക്കെന്തെല്ലാം കഷ്ടതകൾ ഉണ്ടായാലും അവയെല്ലാം നിസ്സാരമായി തോന്നും.

"ഒരുവന്റെ അംഗസൌഷ്ഠവത്തേയോ സൌന്ദൎയ്യവളൎച്ചയേയോ പററി വളരെ ആലോചിക്കേണ്ട ആവശ്യമില്ല. തീൎച്ചയായും ബാഹ്യമായുള്ള കാൎയ്യങ്ങൾ അവന്റെ ആന്തരമായ സൽഗുണവുമായി പൊരുത്തപ്പെടുത്തുവാൻ ശക്തിയില്ല. ഈ വിഷയത്തിൽ പണത്തിനെന്തെങ്കിലും ശക്തി ഉണ്ടെന്ന നിങ്ങൾ തെററി ധരിക്കരുത്. തന്റെ ഭാൎയ്യയ്ക്കു അനാവശ്യമായി വിനിയോഗിക്കുവാൻ ഒരു ഭൎത്താവു ഒരിക്കലും പണം കൊടുക്കരുതു്."

പ്രസിദ്ധ നടനകലാവിദഗ്ദ്ധയായ മിസ്സ് പോളിൻ ചേസ് (Miss Pauline Chase) താഴെ വരുന്നപ്രകാരം അഭിപ്രായപ്പെട്ടിരിക്കുന്നു. "ആദൎശയോഗ്യനായ ഭൎത്താവ് ഏതുവിധത്തിലുള്ള ആളായിരിക്കണമെന്നുള്ള ചോദ്യത്തിനു ഉത്തരം പറവാൻ ഞാൻ ചിലദിവസങ്ങളോളം ശ്രമിക്കുകയായിരുന്നു. ഇപ്പോൾ അതൊരു വിധം സാധിച്ചു എന്നു തോന്നുന്നു. ഒരവസരത്തിൽ ഒരു ഡാക്ടർ ഒരു സ്ത്രീയോട്ട "നിന്റെ ഭൎത്താവു നല്ലവനാണൊ" എന്നു ചോദിച്ചതിനു" അദ്ദേഹം എന്റെ ഭൎത്താവ് എന്ന നിലയെക്കാൾ ഒരു ഉത്തമനായ സ്നേഹിതന്റെ നിലയെ അൎഹിക്കുന്നു" എന്നു പറഞ്ഞതായി കേട്ടിട്ടുണ്ട്. ഈ ഗുണമാണ് ഒരു ഭൎത്താവിന് ഉണ്ടായിരിക്കേണ്ടതും. സ്നേഹമാണല്ലൊ ജീവിതയാത്രയിലെ പ്രധാന സംഗതി. അതിനാൽ ഒരു മാതൃകാഭൎത്താവ് ആ നിലയിലുള്ള ആളായിരിക്കണം."

റഷ്യാക്കാരിയും ഒരു നടനശാസ്ത്രജ്ഞയും ആയ പ്രിൻസസ്സ് ബാറിയാടിൻസ്കി (Princess Bariatinsky) പറയുന്നതിപ്രകാരമാണ്. "ഒരു മാതൃകാഭർത്താവിനെ കണ്ടുപിടിക്കുന്നതു വളരെ പ്രയാസമാണ്. ചിലപ്പോൾ അവിചാരിതമായ ആ ഭാഗ്യം ചിലൎക്കു ലഭിച്ചു എന്നു വന്നേയ്ക്കാം. മാതൃകാഭർത്താവു് ഏതു നിലയിലുള്ള ആളായിരിക്കണം? അവന്റെ വേഷത്തിനോ ഭാവത്തിനോ ഇതുമായി യാതൊരു സംബന്ധവും ഇല്ല. അവൻ പൊക്കം കുറഞ്ഞവനോ കറുത്തവനോ ആയിരിക്കട്ടെ. അല്ലെങ്കിൽ ദീർഘകായനോ സുഭഗനോ ആയിരിക്കട്ടെ! അവൻ എപ്പോഴും സഹതാപവും പരഹൃദയജ്ഞാനവും ഉള്ളവനായിരുന്നാൽ മതി. തന്റെ വാക്കിലും പ്രവൃത്തിയിലും ഇടപാടുകളിലും എല്ലാം തനിക്കു്, ഈ ലോകത്തിൽ ഉള്ള സ്ത്രീകളിൽ, ആവശ്യമായിട്ടുള്ളതു തന്റെ ഭാൎയ്യ മാത്രമാണെന്നു തോന്നിപ്പിക്കുന്നവനാണു മാതൃകാഭർത്താവെന്നു പറയാം."

എം. എൻ. നാരായണപിള്ള.

# മഹാറാണി ലക്ഷ്മീഭായി.

(തുടൎച്ച)

ലഹളയ്ക്കൊരുങ്ങിയ രാജാക്കന്മാരിൽ ചിലർ റാണിയെ പലതരത്തിലും ഉപദ്രവിക്കുവാൻ ശ്രമിച്ചുവെങ്കിലും ലക്ഷ്മീഭായി കഴിയുന്നവിധം അവരെ തടുത്തു ബ്രിട്ടീഷ് കൊടിയേയും തന്റെ രാജ്യത്തേയും രക്ഷിക്കുവാൻ ശ്രമിക്കുകയാണുണ്ടായതു്. പ്രബലന്മാരായ തന്റെ ചില ശത്രുക്കൾ പിന്നെയും റാണിയെ ഉപദ്രവിച്ചുകൊണ്ടേ ഇരുന്നു. ലക്ഷ്മീഭായിയുടെ സഹായം കൊണ്ടാണു് ജെയിൻസിരാജ്യത്തു ശിപായിമാർ ലഹളയുണ്ടാക്കിയതെന്നും ഈ സ്ത്രീയുടെ ഉത്സാഹത്തിന്മേലാണ് ഇംഗ്ലീഷുകാൎക്കു ആ രാജ്യം വിട്ടൊഴിയേണ്ടിവന്നതെന്നും ചിലർ അന്നത്തെ രാജപ്രതിനിധിയെ തെറ്റിദ്ധരിപ്പിച്ചു. സൌശീല്യവതിയായ ലക്ഷ്മീഭായി പിന്നേയും തന്റെ വാസ്തവാവസ്ഥയെ ഗവൎമ്മേണ്ടിനെ അറിവിച്ചു. യാതൊരു സമാധാനവും ഗവൎമ്മേണ്ടിൽ നിന്നുണ്ടായില്ല; എന്നുതന്നെയല്ല ജയിൻസി രാജ്യം കീഴടക്കി റാണിയെ അവിടേനിന്നും നാടുകടത്തണമെന്നുള്ള ഉദ്ദേശത്തോടു കൂടി ഒരു ഇംഗ്ലീഷ് സൈന്യത്തെ ആ രാജ്യത്തേയ്ക്കു

ഉടനെ അയയ്ക്കുകയും ഉണ്ടായി. സേനകൾ ഉടനേതന്നെ ജെയിൻസി രാജ്യത്തു ചെന്നു കോട്ടവളഞ്ഞു. മാനനഷ്ടം വരാതിരിക്കണമെങ്കിൽ ആയുധംവെച്ച് കീഴടങ്ങി ഉടൻ, തന്നെ വന്നുകാണണമെന്നായിരുന്നു സേനാനായകന്റെ ആജ്ഞ. അനാശാസ്യവും ലജ്ജാവഹവുമായ ഈ ആജ്ഞയെ ലക്ഷ്മീഭായി നിശ്ശങ്കം നിരസിക്കുകയാണുണ്ടായതു്. ധൈര്യശാലിനിയായ ആ മഹാരാഷ്ട്രയുവതി ഉടനെ ഇംഗ്ലിഷ് സൈന്യത്തോടെതിൎക്കുവാൻ തീൎച്ചപ്പെടുത്തി. ജെയിൻസി രാജ്യത്തിലുണ്ടായിരുന്ന ആബാലവൃദ്ധം ജനങ്ങൾ ലക്ഷ്മീഭായിയെ ഏതു വിധേനയും സഹായിക്കുമെന്നുള്ള പൂൎണ്ണബോദ്ധ്യത്തോടുകൂടിയാണ് ആ സ്ത്രീരത്നം യതൊരാളോടും ആലോചിക്കാതെ, തനിക്കു് അഭിമാനക്ഷയം വരാതിരിപ്പാൻ മാത്രമായി യുദ്ധത്തിനൊരുമ്പെട്ടതു്. അനേകം സ്ത്രീകളും കുട്ടികളും ഈ യുദ്ധത്തിലുൾപ്പെട്ടിരുന്നുവെന്നാണ് ചരിത്രകാരന്മാർ പറയുന്നതു്. ലക്ഷ്മീഭായി ൧൭ ദിവസം അഹോരാത്രം ഇംഗ്ലീഷ്സൈന്യത്തോടുകൂടി ധൈൎയ്യത്തോടെ പൊരുതി. പക്ഷെ ശത്രുക്കൾക്ക് പലേദിക്കുകളിൽനിന്നും സഹായികസൈന്യം വന്നുചേൎന്നതുകൊണ്ടു് റാണിക്ക് ഒടുവിൽ തോൽവി സംഭവിച്ചു. ഇംഗ്ലീഷുകാർ കോട്ടയ്ക്കകത്തു പ്രവേശിക്കുകയും ഉള്ളതെല്ലാം കൊള്ളചെയ്കയും ചെയ്തു. ജെയിൻസിരാജ്യം രണ്ടാമതും ഇംഗ്ലീഷുകാരുടെ കീഴിലായി.

ശത്രുക്കൾ അകത്തു പ്രവേശിച്ചതോടുകൂടി ലക്ഷ്മീഭായി നാലു ഭൃത്യകളോടുകൂടി പുറത്തിറങ്ങി രക്ഷപ്പെട്ടു. അഞ്ചുപേരും സ്വല്പം ഭക്ഷണസാധനത്തോടുകൂടി ഓരോ കുതിരയുടെ പുറത്തുകയറി ഓടിച്ചു പോയി. റാണിയെ അന്വേഷിച്ച്, ശത്രുക്കൾ നാലുപാടും പുറപ്പെട്ടു. ലക്ഷ്മീഭായി ഭൃത്യകളൊന്നിച്ച് അതിവേഗത്തിൽ കുതിരയെ ഓടിച്ച് പോവുന്നതു ഇവരിൽ ഒരുകൂട്ടർ കണ്ടുവെങ്കിലും ഒപ്പമോടിയെത്തുവാൻ ശത്രുക്കൾക്കു് സാധിക്കാതെ മടങ്ങേണ്ടി വന്നു.

പിന്നെ ലക്ഷ്മീഭായി പേഷ്വയുടെ സഹായത്തോടുകൂടി വടക്കേഇന്ത്യയിലെ പലേ രാജാക്കന്മാരേയും തന്റെ ഭാഗത്തുചേൎത്തു് ഇംഗ്ലീഷുകാരുമായി യുദ്ധം ചെയ്യുവാൻ ഉത്സാഹിച്ചു. യുദ്ധപരാക്രമിയായ സിന്ധ്യ (സിൻഡ്യ) മഹാരാജാവൊഴികെ പ്രധാനികളായ എല്ലാവരും റാണിയോടു ചേൎന്ന് ശത്രുക്കളോടു യുദ്ധം ചെയ്തു. ഇവർ ആദ്യമായി ഗ്വാളിയോർ കോട്ട പിടിച്ച്, സിന്ധ്യരാജാവിനെ തോൽപ്പിച്ചോടിക്കുകയാണുണ്ടായതു്. ഈ വിജയം ശിപായി ലഹളയിലുൾപ്പെട്ടിരുന്ന എല്ലാവൎക്കും സന്തോഷകരമായ ഒന്നായിരു

ന്നു. അധികം വൈകാതെ ഗ്വാളിയോറിൽ വെച്ചുതന്നെ ഒരു മഹായുദ്ധവും കൂടി നടക്കുവാനിടയായി. ഇതു് ഒടുവിലത്തേതായിരുന്നുവെങ്കിലും മറ്റെല്ലാററിലും പ്രാധാന്യമേറിയതാണു്. ഇംഗ്ലീഷുകാരുടെ ഒരു വലിയ സൈന്യം ഗ്വാളിയോറിൽ വന്നു കോട്ട വളഞ്ഞു.. അഞ്ചുദിവസം മുഴുവനും ഒരു മഹാസൈന്യത്തിന്റെ നായികയായി നിന്നുകൊണ്ടു ധൈര്യശാലിനിയായ ആ മഹാരാഷ്ട്രയുവതി ഇവരുമായി യുദ്ധംചെയ്തു. ഒടുവിലത്തെ ദിവസമുണ്ടായ ആ ധീരയുടെ പരാക്രമവും യുദ്ധവിദഗ്ദ്ധതയും കണ്ടിട്ടു് ശത്രുക്കൾകൂടി അതിശയിച്ചുപോയി. റാണിക്കു കീഴടങ്ങേണ്ടിവരുമെന്നുതന്നെ ഇംഗ്ലീഷുകാർ തീർച്ചയാക്കി.

പക്ഷെ ഈ സതീരത്നത്തിന്റെ അപ്പോഴത്തെ പരാക്രമമെല്ലാം 'അണയുവാൻ ഭാവിക്കുന്ന ഒരു ദീപത്തിന്റെ ചരമജ്വാല' മാത്രമായിരുന്നു! അഞ്ചുദിവസം മുഴുവനും വീര്യപരാക്രമത്തോടുകൂടി യുദ്ധം ചെയ്തു നില്ക്കേണ്ടിവരികയാൽ ആ സാധു സ്ത്രീ അവസാനദിവസം, സൂര്യാസ്തമയത്തോടുകൂടി പടക്കളത്തിൽ ക്ഷീണിച്ചുവീണു. അടുത്തു നിന്നിരുന്ന ഇവരുടെ ഉററബന്ധുവായ രാമചന്ദ്രറാവു എന്ന ഒരു വിശിഷ്ടയോദ്ധാവു് അവരെ താങ്ങിയെടുത്തു് ആരുമില്ലാത്ത ഒരു സ്ഥലത്തു കൊണ്ടുപോയികിടത്തി വേണ്ട ശുശ്രൂഷകളെല്ലാം ചെയ്തുതുടങ്ങി. പക്ഷെ സൂര്യകിരണങ്ങൾ തട്ടി വാടിയ പുഷ്പംപോലെ ആ മൃദ്വംഗി വല്ലാതെ ക്ഷീണിച്ചു് തളർന്നിരിക്കകൊണ്ടു് സംസാരിക്കുവാൻകൂടി അശക്തയായിത്തീർന്നു. ഭക്ഷണംതന്നെ വേണ്ടപോലെ കഴിച്ചിട്ടു നാലഞ്ചുദിവസമായി. വല്ലതും പറയുമ്പോൾ തൊണ്ട കൂടിയിടറുന്നു! മലവെള്ളംപോലെ കയറിവരുന്ന ശത്രുക്കളോടെതിർത്തു് സ്വരാജ്യത്തെ സംരക്ഷിക്കുവാൻ ഈ അബല വിചാരിച്ചാൽ ഇനി എത്ര സാധിക്കാൻ പോകുന്നു? ഇത്രകാലവും കത്തിക്കാളിയിരുന്ന ആ ദിവ്യദീപത്തിലെ 'എണ്ണയും' അവസാനിക്കാറായി. ചുററും നിന്നിരുന്ന ബന്ധുക്കളെ സ്നേഹപൂർണ്ണങ്ങളായ ലോചനങ്ങൾകൊണ്ടു് അവർ പ്രയാസപ്പെട്ടുനോക്കി ഓരോരുത്തരോടും യാത്രപറഞ്ഞു. ഒടുവിൽ 'മാംസമൂത്രപുരീഷാസ്ഥി' നിർമ്മിതമായ തന്റെ കളേബരത്തെ ഉപേക്ഷിച്ചു്, പരിശുദ്ധമായ ആ സതീരത്നത്തിന്റെ ജീവാത്മാവു് പരലോകത്തെ പ്രാപിച്ചു!

"ലിഖിതമപിലലാടേ പ്രോജ്ഝിതുംകഃസമർത്ഥഃ"? ഇവരുടെ പ്രാരബ്ധകർമ്മം ഇങ്ങിനെയാണു്! ഏഴാമത്തെ വയസ്സിൽ വിവാഹം കഴിച്ചു്, പതിനാറാമത്തെ വയസ്സിൽ പുത്രവിയോഗവുമനുഭവിച്ചു്, യൌവനദശയിൽ ഭർത്തൃവിരഹത്താൽ ദുഃഖിതയുമായി

പടക്കളത്തിൽ പ്രാണത്യാഗം ചെയ്യണമെന്നായിരുന്നിരിക്കും ഇവരുടെ 'തലയിലെഴുത്തു്'! എങ്കിലും കർമ്മഭൂമിയായ ഇന്ത്യാരാജ്യത്തു്,

'നിയതം കുരുകർമ്മത്വം കർമ്മജ്യായോഹ്യകർമ്മണഃ,
ശരീരയാത്രാപിചതേ ന പ്രസിദ്ധ്യേദകർമ്മണഃ!' (ഗീത)

എന്ന ദിവ്യരേഖ മിന്നൽപ്പിണരുപോലെ ഇടയ്ക്കെങ്കിലും ഉജ്വലിച്ചു് ചിലർക്കെങ്കിലും വഴികാണിച്ചു കൊടുക്കുന്നതു് അഭിമാനജനകമാണു്. ബുദ്ധിചാതുര്യംകൊണ്ടും യുദ്ധപരാക്രമംകൊണ്ടും, വിശേഷിച്ചു് രാജ്യഭരണവൈദഗ്ദ്ധ്യംകൊണ്ടും ഒരു കാലത്തു് പ്രശോഭിതയായി, മിത്രങ്ങളെ സഹായിച്ചും ശത്രുക്കളെ വിറപ്പിച്ചുംകൊണ്ടിരുന്ന ഈ സ്ത്രീ 'ഉത്തരോത്തരമീമാതൃഭൂമിക്കഭ്യുദയത്തിനാ'യിത്തന്നെ തന്റെ യൌവനദശയെ ബലികഴിച്ചതിൽ അത്ഭുതപ്പെടുവാനില്ല. ഇത്ര വിശിഷ്ടയായ ഒരുസ്ത്രീ 'ഏഷണിക്കാരിയും ഘാതുകയു' മാണെന്നു ചില ഇംഗ്ലീഷ് ചരിത്രകാരന്മാർ ഘോഷിക്കുന്നേതിലേ അതിശയമുള്ളൂ!!

യൂറോപ്പിൽ സുപ്രസിദ്ധകളായ 'ബൊഡേഷ്യ' ആക്ക്നഗരിയിലെ 'ജൊവാന', തുടങ്ങിയ മഹിളാരത്നങ്ങളേയും അവരുടെ പ്രവൃത്തികളേയുംപററി ഇന്നും പലേപുസ്തകങ്ങളും പ്രശംസിക്കുന്നുണ്ടു്. ലക്ഷ്മീഭായി ഇവരേക്കാൾ ഒട്ടും അപ്രധാനയാണെന്നു വിചാരിച്ചുകൂടാ. ഇവരുടെ നിര്യാണത്തോടുകൂടി ഇംഗ്ലീഷുകാർ ജെയിൻസിരാജ്യവും വേറെ പല സ്ഥലങ്ങളും കീഴടക്കി. ൧൮൫൮-ൽ ഗുണവതിയായ വിക്ടോറിയാ മഹാരാജ്ഞി ഇന്ത്യാരാജ്യത്തെ നേരിട്ടു ഭരിപ്പാനാരംഭിച്ചു. ഇതോടുകൂടി ഇംഗ്ലീഷു് കമ്പനിക്കാരുടെ ഒരുവക 'അഹമ്മതിയും' അവസാനിച്ചു.

സ്വകുലക്ഷയം നേരിടുമ്പോൾ കുടുംബസ്നേഹികളായ ആരും തന്നെ മൌനമവലംബിക്കയില്ല. സനാതനങ്ങളായ കുലധർമ്മങ്ങളെനിരസിച്ചു് കുടുംബത്തെ അധർമ്മത്തിന്നടിമപ്പെടുത്തുന്നതു് ഒരു യഥാർത്ഥ ഹിന്ദുവിന്നു് ഒരിക്കലും യോജിച്ചതല്ല. കുടുംബസംരക്ഷണത്തിന്നും രാജ്യക്ഷേമത്തിന്നും വേണ്ടി ശത്രുക്കളോടെതിർത്തു് ധൈര്യത്തോടുകൂടി അനേകനാൾ പടവെട്ടി തന്റെ യൌവനദശയെ പടക്കളത്തിൽ ബലികഴിച്ച ആ രാജന്യസ്ത്രീരത്നത്തിന്റെ ജീവിതം നാനാപ്രകാരേണ നമ്മുടെ ബഹുമാനപൂർവമായ സ്മരണയെ അർഹിക്കുന്നവെന്നുള്ളതിൽ സംശയം ഇല്ല.

പാലിയത്തു ചെറിയകുഞ്ഞുഅച്ചൻ.

# ദന്തകാന്തിചൂൎണ്ണം.

## അഥവാ ശ്രുതിപ്പെട്ട ദന്തചൂൎണ്ണം.




നിങ്ങളുടെ പല്ലിനു കേടുതട്ടാതെ സൂക്ഷിക്കണമെങ്കിൽ ഞങ്ങളുടെ "ദന്തകാന്തി ചൂൎണ്ണം" ഉപയോഗിച്ചാൽ മതി. പല്ലിൻെറ അഴുക്കു പോകുവാനും ഇളക്കംതീൎത്തു ഉറപ്പായിനിലനിൽക്കാനും വേറെ ഇതുപോലെമരുന്നില്ല എന്നല്ല സുഗന്ധവായുവായിരിക്കും ശ്വാസിക്കാനുള്ളതു്. ഇതിനുചിതമായ്യസ്വാദില്ല സൌരഭ്യമാണുള്ളതു്. ഉപയോഗിച്ചു കഴിഞ്ഞാൽ ഉന്മേഷവും സന്തോഷവും സുഖവും ഉണ്ടാകുന്നതാണു്. ഡപ്പിക്കു വില ൪ ണ. ൩-ക്കു ൧൦-ണ. ൧-മുതൽ ൩-വരെ ഡപ്പിക്കു തപാൽകൂലി ൪ ണ. ൬-ക്കു ൧-ക ൬. ണ. ചിലവു് ൮ ണ. ഡസനു് ൨-ക. ൧൦. ണ. ചിലവു ൧൩ ണ.

## ദാദ്രുസംഹാരം (അല്ലെങ്കിൽ) ചൊറിയുടെ ശത്രു.

## Dadru Samhara Churna.

സരസനും മററുള്ള ചൊറികളും എന്തു ഉപദ്രവമുള്ളതാണു്. വൃത്തിഹീനനാക്കി തീക്കും ചൊറി. ചൊറിയന്മാരെ കണ്ടാൽത്തന്നെ അറപ്പുണ്ടാകുന്നു. വളരെ ആളുകൾ ഇതുകൊണ്ടു ബുദ്ധിമുട്ടുന്നുണ്ടു്. ഈ പൊടി പിരട്ടിയാൽ ഏതു ചൊറിയും മാറിപ്പോകും. സന്ദേഹം വേണ്ട പരീക്ഷിക്കണം. ഒരു കുപ്പിക്കു വില ൬ ണ. ൧൨-ക്കു ൪ ക. ൨ ണ. തപാൻകൂലി പുറമെ.

## രോമസംഹാരി.

## Loma Samhara Churna·

രോമം വേണ്ടെന്നു തോന്നുന്ന ഭാഗങ്ങളിൽ ഈ ചൂൎണ്ണം പിരട്ടിയാൽ മതി. വേദനകൂടാതെ രോമം പോകും. വലിയും മററും ഉണ്ടാകുന്നതല്ല. ഇതു വളരെ ആവശ്യമുള്ള മരുന്നാണു്. കുപ്പിക്കു് ൬ ണ. ൧൨ ക്കു് ൪ ക ൨ ണ. തപാൽകൂലി പുറമേ.

## നരച്ചരോമം.

## Hair-dye For Gray Hairs.

നരച്ച രോമം പ്രായം തോന്നിക്കുന്നു. ഏതു നരയും ക്ഷണനേരംകൊണ്ടു കറുപ്പിക്കുവാൻ ഔഷധമുള്ളപ്പോൾ വയസ്സനാണെന്നു തോന്നിക്കേണ്ട ആവശ്യമില്ല. വളരെ ചെറുപ്പക്കാൎക്കു നരവന്നു കാണുന്നുണ്ടു്. താടിമീശകൾ വെളുത്താൽ ഭംഗിയില്ല ഒരു മിനിട്ടിനുള്ളിൽ കറുപ്പിക്കാം. ഈ മരുന്നു ഉപയോഗിപ്പിൻ ൧ പെട്ടിക്കു് ൧ ക. ൪ ണ. ൩ ക്കു് ൩ ക. ൮ ണ. തപാൽകൂലി പുറമേ.

ടി. എസ്സ്. സുബ്രഹ്മണ്യ ആൻഡ്-കൊ,
ആയുർവേദ ഔഷധാലയം,
൧൮-൨- തെരടിത്തെരുവ്,
തിരുവല്ലിക്കേണി—മദ്രാസ്.

# P. SUBBAROY,
## AYURVEDIC PHARMACY,
## SRI VENCATESA PERUMAL COIL SANNATHY, TANJORE.

പീ. സുബ്ബരായി, ആയുർവേദഔഷധശാല,
ശ്രീവെങ്കിടേശപെരുമാൾകോവിൽ സന്നതി,
തഞ്ചാവൂർ.

### ദേഹശുദ്ധീകരപരിമളചൂർണ്ണം.

ഈ സൌരഭ്യമുള്ള പൊടിയെ ദിവസേന ദേഹത്തിൽ തേച്ചു കുളിച്ചാൽ ദേഹത്തിൽ നല്ല വാസനയുണ്ടാകും. തേമൽ, കൈകാൽനീറൽ; ശരീരവരൾച്ച, കരപ്പൻ, തലവേദന, പൊരിമേഹം, മേഹം മുതലായതു കൂടാതെ മററു അനേകതരത്തിലുള്ള ത്വഗ്രോഗങ്ങൾ മാറുന്നതാണ്. കാന്തിയും ആരോഗ്യവും ഉണ്ടാകും. കുട്ടികൾക്കും പ്രായംചെന്നവർക്കും ഉപയോഗിക്കാവുന്നതാണ്. ഡപ്പി ൧-ക്കു വില ൮ ണ. വി. പി. ചിലവുവേറെ.

### ൨൦. സഞ്ജീവഗുളിക.

തലകുത്തു, തലവേദന, ഉറക്കമില്ലായ്മ, വയററിൽ ഉണ്ടാകുന്ന വായുവികാരം, ജലദോഷം, ചുമ, പനി, ഇക്കിൾ, അജീർണ്ണം മുതലായി കുട്ടികൾക്കുണ്ടാവുന്ന എല്ലാ രോഗങ്ങൾക്കും ഈ ഗുളിക ഒരു പ്രത്യൌഷധമാണ്. പ്രായംചെന്നവർക്കും ടി രോഗങ്ങൾക്ക ഈ ഗുളികകൾ ഉപയോഗിക്കാവുന്നതാണ്. കുപ്പി ൧-ക്കു വില ൧൦ ണ. വി. പി. ചിലവുവേറെ.

### ൨൧. ഉയർന്നതരം ഗോരോചനഗുളിക.

ഈ ഗുളികയാൽ എല്ലാവിധ പനിയും സുഖപ്പെടുന്നതാണ്. അതിനുപുറമെ കുട്ടികളെ സാധാരണയായി ബാധിക്കുന്ന [illegible], വയറിളകിപ്പോകൽ, അജീർണ്ണം, ചുമ, ജലദോഷം, തലവേദന മുതലായ രോഗങ്ങൾക്കും പ്രായം കുറഞ്ഞവർക്കും പ്രായംതികഞ്ഞവർക്കും ഒരുപോലെ ഉപയോഗിക്കാവുന്നതും ഫലത്തെ കൊടുക്കുന്നതും ആകുന്നു. കുപ്പി ൧-ക്കു വില ൧[illegible] ണ.

പി. സുബ്ബരായി,
ആയുർവ്വേദ ഔഷധശാല,
ശ്രീവെങ്കിടേശപെരുമാൾകോവിൽസന്നതി,
തഞ്ചാവൂർ.

P. SUBBAROY,
AYURVEDIC PHARMACY-
Sri Vencatesa Perumal Koil Sannathy
OREJNTA

Reg. No. M. 1183.

# ശാരദ.

സ്ത്രീജനങ്ങളുടെ പൊതുനന്മയെ ഉദ്ദേശിച്ചു വിവിധവിഷയങ്ങളെ പ്രതിപാദിക്കുന്ന ഒരു വിശിഷ്ട മാസിക.

## പ്രത്യേക അറിയിപ്പ്.

"ശാരദ"യുടെ മുഖ്യോദ്ദേശ്യം കേരളീയസ്ത്രീകളെ അഭിവൃദ്ധിപ്പെടുത്തുക ആകുന്നു. അതിനാൽ സ്ത്രീജനങ്ങൾ അയച്ചുതരുന്ന ലേഖനങ്ങൾ സവിശേഷം ശ്രദ്ധിക്കപ്പെട്ടും എല്ലാ മാന്യസ്ത്രീകളുടേയും സാഹിത്യപരിശ്രമത്തെ ഇവിടെ പ്രത്യേകം ക്ഷണിച്ചുകൊള്ളുന്നു. ലേഖനങ്ങൾ അതതുമാസം 20-ാംനു-ക്കു മുമ്പ് എത്തേണ്ടതും വൃത്തിയായും സ്പഷ്ടമായും എഴുതിയിരിക്കേണ്ടതുമാകുന്നു. വരിക്കാർ എഴുതുമ്പോൾ അവരുടെ രജിസ്റ്റർ നമ്പർകൂടി കത്തിൽ കാണിച്ചിരിക്കണം. ലേഖനങ്ങൾ തിരിച്ചു കിട്ടണമെന്നോ മറുവടി വേണമെന്നോ ആഗ്രഹിക്കുന്നവർ അതിനുവേണ്ട സ്റ്റാമ്പുകൂടി എത്തിച്ചുതരേണ്ടതാകുന്നു. സ്ത്രീകൾ നടത്തുന്ന സമാജങ്ങളെ സംബന്ധിച്ച പൂർണ്ണവിവരം അപ്പഴപ്പോൾ എഴുതി അയച്ചുതന്നാൽ യോഗ്യതാനുസരണം പ്രസിദ്ധപ്പെടുത്തുന്നതാണ്.

ലേഖനങ്ങൾ, അഭിപ്രായത്തിനുള്ള പുസ്തകങ്ങൾ, മാറ്റപ്പത്രങ്ങൾ, മാസികകൾ, ഇവ ശ്രീമതി റ്റി. കെ. കല്യാണിക്കുട്ടി അമ്മ C/o. ശ്രീമാൻ പട്ടം എൻ. കൊച്ചുകൃഷ്ണപിള്ള അവർകൾ ബി. ഏ., തിരുവനന്തപുരം. എന്നു പ്രസാധികയുടെ മേൽവിലാസത്തിൽ അയയ്ക്കേണ്ടതാകുന്നു.

പിന്നെയും അതുസംബന്ധമായ എല്ലാ എഴുത്തുകുത്തുകളും മാസികയ്ക്കുള്ള അപേക്ഷകളും മാനേജരുടെ മേൽവിലാസത്തിലും അയയ്ക്കേണ്ടതാകുന്നു.

മാനേജർ, "ശാരദ"
പുനലൂർ—തിരുവിതാംകൂർ.

Printed by P. N. Sankara Pillai at the "Manomohanam" Press, Quilon, and published at the W. P. House, Punaloor.